# പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIII
**(SUBJECT COMMITTEE XIII)**

# (സാമൂഹ്യസേവനം)
**(SOCIAL SERVICES)**

**2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത് ]

[Under Rule 236(5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2025 ഒക്ടോബർ 8-ാം തീയതി സമർപ്പിച്ചത്
(Presented on 8th October, 2025)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2025

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIII
# (SUBJECT COMMITTEE XIII)

# (സാമൂഹ്യസേവനം)
# (SOCIAL SERVICES)

**2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]

[Under Rule 236(5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1287/2025.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XIII
# (സാമൂഹ്യസേവനം)
# (2023 -2026)

**ഘടന**

<u>ചെയർപേഴ്സൺ:</u>

ശ്രീ. ഒ. ആർ. കേളു,

പട്ടികജാതി പട്ടികവർഗ, പിന്നാക്കവിഭാഗ ക്ഷേമ വകുപ്പുമന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗം:</u>

ഡോ. ആർ. ബിന്ദു,

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി.

<u>അംഗങ്ങൾ :</u>

ശ്രീ. കെ. ആൻസലൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. സി. സി. മുകുന്ദൻ

ശ്രീ. എം. നൗഷാദ്

ശ്രീ. യു. ആർ. പ്രദീപ്

ശ്രീമതി ശാന്തകുമാരി കെ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ജോയിന്റ് സെക്രട്ടറി

ശ്രീമതി റ്റി. ജി. സിന്ധു, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ ചെയർപേഴ്സണായ ഞാൻ, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2024 ജൂൺ 10-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ 2025 ജൂലൈ 16, സെപ്റ്റംബർ 29 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും രണ്ടാം അദ്ധ്യായത്തിൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

2025 ഒക്ടോബർ 7-ലെ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**ഒ. ആർ. കേളു,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2025 ഒക്ടോബർ 8.

## റിപ്പോർട്ട്

സാമൂഹ്യ സേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

### ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

അദ്ധ്യായം - I

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും.

ഖണ്ഡിക നം. 1

2225-01-277-54—പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണചെലവുകൾ

പാലക്കാട് മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും മറ്റ് ഭരണപരമായ ചെലവുകൾക്കും ആവശ്യമായ തുക പ്ലാൻ ശീർഷകത്തിൽ നിന്നുമാണ് അനുവദിച്ചുവരുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. ടി തുക നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതിനാൽ ഈ ശീർഷകത്തിൽ 48 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പാലക്കാട് IIMS-ന്റെ ശമ്പളം ഉൾപ്പെടെയുള്ള ഭരണ നിർവ്വഹണ ചെലവുകൾക്കായി 2225-01-277-54 (നോൺ പ്ലാൻ) ശീർഷകത്തിൽ 46 കോടി രൂപ അനുവദിക്കുന്നതിനുള്ള 2024-25 സാമ്പത്തിക വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയ ശിപാർശ സർക്കാർ അംഗീകരിച്ചിരുന്നില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പിന്റെ 23-9-2025-ലെ എഫ്1/116/2024/പജപവവിവ. നമ്പർ കത്ത്]

ഖണ്ഡിക നം. - 2

2225-01-277-53-12—പോസ്റ്റ് മെട്രിക് സ്റ്റുഡൻസിനുള്ള അധിക സംസ്ഥാന സഹായം-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

കേന്ദ്ര സർക്കാരിൽ നിന്ന് സ്കോളർഷിപ്പുകൾ ഒന്നും തന്നെ ലഭ്യമാകാത്ത പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സംസ്ഥാന സഹായം നൽകുന്നതിനും കേന്ദ്രസഹായം ലഭിക്കുന്നവർക്ക് ആയത് സംസ്ഥാന സഹായത്തിന്റെ നിരക്കിൽ ലഭ്യമാക്കുന്നതിനാവശ്യമായ അധിക തുക അനുവദിക്കുന്നതിനും ഉദ്ദേശിച്ചു കൊണ്ടുള്ള ഈ പദ്ധതിയിലെ വിവിധ ഇനങ്ങൾക്കായി 2024-25 വർഷം ആകെ 225 കോടി രൂപ ആവശ്യമുള്ളതായി സമിതി മനസിലാക്കുന്നു. ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 75 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തികവർഷം 2225-01-277-53-12-(PV) (പോസ്റ്റ് മെട്രിക് സ്റ്റുഡന്റ്സിനുള്ള അധിക സംസ്ഥാന സഹായം - സ്കോളർഷിപ്പുകളും, സ്റ്റൈപ്പന്റുകളും) എന്ന ശീർഷകത്തിൽ 150 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു.

ഈ ശീർഷകത്തിൽ അധിക തുകയ്ക്കായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ 19-10-2024-ൽ സമർപ്പിച്ച 100 കോടി രൂപയുടെ പ്രൊപ്പോസൽ പരിഗണിച്ച് 4-11-2024 തീയതിയിലെ സ.ഉ (സാധാ) നം. 8157/2024/ധന. നമ്പർ ഉത്തരവ് പ്രകാരം 50 കോടി രൂപ അനുവദിച്ചിരുന്നു.

പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ 21-10-2024 തീയതിയിൽ സമർപ്പിച്ച 240 കോടി രൂപയുടെ പ്രൊപ്പോസൽ പരിഗണിച്ച് 22-11-2024 തീയതിയിലെ സ.ഉ (സാധാ) നം. 8669/2024/ധന നമ്പർ ഉത്തരവ് പ്രകാരം 60 കോടി രൂപ അനുവദിച്ചിരുന്നു.

പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ 19-12-2024 തീയതിയിൽ സമർപ്പിച്ച 230 കോടി രൂപയുടെ പ്രൊപ്പോസൽ പരിഗണിച്ച്, 10-2-2025 തീയതിയിലെ സ.ഉ (സാധാ)നം. 1214/2025/ധന. നമ്പർ ഉത്തരവ് പ്രകാരം 25.18 കോടി രൂപ അനുവദിച്ചിരുന്നു.

മേൽ പ്രകാരം 2024-25 സാമ്പത്തിക വർഷം 2225-01-277-53-12-(PV) (പോസ്റ്റ് മെട്രിക് സ്റ്റുഡന്റ്സിനുള്ള അധിക സംസ്ഥാന സഹായം സ്കോളർഷിപ്പുകളും, സ്റ്റൈപ്പന്റുകളും) എന്ന ശീർഷകത്തിൽ ആകെ 135.18 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 3-10-2025-ലെ ബി3/123/2024/ STSCDD നമ്പർ കത്ത്]

ഖണ്ഡിക നം. - 3

2225-01-282-96-34-3—ആരോഗ്യ സംരക്ഷണ പദ്ധതി - മറ്റ് ചെലവുകൾ-മറ്റിനം

മാരകരോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിനുള്ള ചികിത്സാ ധനസഹായം, ഏകവരുമാനദായകൻ മരണമടഞ്ഞതുമൂലമുള്ള ധനസഹായം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മാരക രോഗങ്ങൾ ബാധിച്ചവരും, അത്യാഹിതങ്ങളിൽപ്പെട്ട ഒരു ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിനുള്ള ചികിത്സാ ധനസഹായം, ഏകവരുമാനദായകൻ മരണമടഞ്ഞതുമൂലമുള്ള ധനസഹായം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് 2225-01-282-96-34-03(PV) എന്ന ശീർഷകത്തിൽ 25 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ 2024-25 സാമ്പത്തിക വർഷത്തെ അവസാന ബാച്ച് ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പിന് സമർപ്പിച്ചിരുന്നു. എന്നാൽ ധനകാര്യ വകുപ്പ് ആയത് അനുവദിച്ചിരുന്നില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പിന്റെ 23-9-2024-ലെ എഫ്2/120/2024/പജപവവിവ. നമ്പർ കത്ത്]

ഖണ്ഡിക നം. - 4

2225-01-283-89—ഭാഗീകമായി നിർമ്മിച്ച വീടുകളുടെ നിർമ്മാണം, ജീർണ്ണിച്ച വീടുകളുടെ നവീകരണം, പഠനമുറി നിർമ്മാണം.

പഠനമുറി നിർമ്മാണം, ഭവന പൂർത്തീകരണം, സ്പിൽ ഓവർ വീടുകളുടെ നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപ്പുസാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2225-01-283-89 (പ്ലാൻ), 4225-01-283-82 (പ്ലാൻ) എന്നീ ശീർഷകങ്ങളിൽ 60% തുക റിലീസ് ചെയ്യുവാൻ ബാലൻസ് നിലനിന്നതിനാൽ 2225-01-283-89 (പ്ലാൻ) ശീർഷകത്തിൽ 30 കോടി രൂപ അധികമായി വകയിരുത്തുന്നതിന് 2024-25 വർഷത്തെ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സ് ശിപാർശയിൽ ഉൾപ്പെടുത്തിയിരുന്നില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പിന്റെ 7-8-2025-ലെ സി2/307/2024-പജപവവിവ. നമ്പർ കത്ത്]

ഖണ്ഡിക നം. - 5

2225-80-800-99-12—മറ്റ് സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകൾ - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും.

കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ഇതര വിഭാഗത്തിൽപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യം നൽകുന്നതിനും പോസ്റ്റ് ഗ്രാജ്വേറ്റ്/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പൻഡ്, ഫീസ് സൗജന്യം എന്നിവ നൽകുന്നതിനുമായി ഈ ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നു. ജനറൽ വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനായി പ്രതിവർഷം 60,000 വിദ്യാർത്ഥികൾ അപേക്ഷിക്കാറുണ്ട്. ഇവരുടെ സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനായി ശരാശരി 30 കോടി രൂപ പ്രതിവർഷം ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ എല്ലാ വർഷവും ഈ ഇനത്തിൽ ബഡ്ജറ്റിൽ 16 കോടി രൂപ മാത്രമാണ് വകയിരുത്തുന്നത്. മുൻ വർഷങ്ങളിലെ കുടിശ്ശിക തീർത്ത് ആനുകൂല്യം വിതരണം ചെയ്യുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 41 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം മറ്റ് സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും, ഫീസ് സൗജന്യവും സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 21.33 കോടി രൂപ അധികമായി അനുവദിക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു. എന്നാൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല.

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 18-7-2025-ലെ എ 1/109/2024/ പി.വി.വി.വ. നമ്പർ കത്ത്]

ഖണ്ഡിക നം. - 6

2225-02-102-94—പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് നൽകി വരുന്ന വിവാഹ ധനസഹായം 1 ലക്ഷം രൂപയും അനാഥരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് നൽകി വരുന്നത് 1.5 ലക്ഷം രൂപയുമാണെന്ന് സമിതി മനസ്സിലാക്കുന്നു. അപേക്ഷകരുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ 2024-25 സാമ്പത്തിക വർഷം അപേക്ഷിക്കുന്ന എല്ലാവർക്കും ആനുകൂല്യം നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം 2225-02-102-94- പട്ടികവർഗ പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം എന്ന ശീർഷകത്തിൽ 6,00,00,000 രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. ലഭ്യമായ ടി തുകയിൽ നിന്നും 4,95,48,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത് ]

ഖണ്ഡിക നം. - 7

2225-02-102-76—ഗോത്ര വാത്സല്യനിധി (ആദിവാസി പെൺകുട്ടികളുടെ എൻഡോവ്മെന്റ് പദ്ധതി)

പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് സാമൂഹികവും സാമ്പത്തികവുമായ സുരക്ഷിതത്വം നൽകുക വഴി ജനനം മുതൽ വിവിധ ഘട്ടങ്ങളിലെ സമഗ്ര വികസനവും ആരോഗ്യ വിദ്യാഭ്യാസ നേട്ടങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്ന പ്രസ്തുത പദ്ധതി പുതിയ രീതിയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം 2225-02-102-76-ഗോത്ര വാത്സല്യനിധി (ആദിവാസി പെൺകുട്ടികളുടെ എൻഡോവ്മെന്റ് പദ്ധതി) എന്ന ശീർഷകത്തിൽ 50,00,000 രൂപ അനുവദിച്ചിരുന്നു. എന്നാൽ തുക ഒന്നും ചെലവഴിച്ചിട്ടില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത്]

ഖണ്ഡിക നം. - 8

2225-02-198-50—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്

റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് ആയി തുക അനുവദിക്കുന്ന ഈ ശീർഷകത്തിൽ മിശ്രവിവാഹ ധനസഹായത്തിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ജില്ലാ ഓഫീസുകളിൽ തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകൾക്ക് ധനസഹായം അനുവദിക്കുന്നതിന് 142 ലക്ഷം രൂപ അധികമായി വേണ്ടി വരുമെന്നും സമിതി മനസ്സിലാക്കുന്നു. അതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം 2225-02-198-50 റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായ 53.16 ലക്ഷം രൂപയിൽ 25,00,000 രൂപ മിശ്രവിവാഹ ധന സഹായത്തിനായി അനുവദിച്ചിരുന്നു. 1,47,25,000 രൂപ അധികമായി ടി ശീർഷകത്തിൽ അനുവദിക്കുന്നതിന് SDG മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും ടി തുക ലഭ്യമായിരുന്നില്ല. 2024-25 സാമ്പത്തിക വർഷം മിശ്രവിവാഹ ധനസഹായം അനുവദിക്കുന്നതിനായി ലഭിച്ച 210 അപേക്ഷകർക്കുള്ള തുക കണ്ടെത്തേണ്ടതുണ്ട്. ടി തുക 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കുന്നതാണ്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത് ]

ഖണ്ഡിക നം. - 9

2225-02-277-99-12—മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും.

സംസ്ഥാനത്തെ പത്താംക്ലാസ്സ് വരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റും പ്രതിമാസ സ്റ്റൈപെന്റും അനുവദിച്ച് നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ ഈ ശീർഷകത്തിൽ 3.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം 2225-02-277-99-12 മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 17,32,50,000 രൂപ അനുവദിച്ചിരുന്നു. കൂടാതെ 2 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭ്യമായിരുന്നു. ടി ശീർഷകത്തിൽ ആകെ ലഭ്യമായ 19,32,50,000 രൂപയിൽ 17,32,39,246 രൂപ ചെലവഴിച്ചിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ നമ്പർ കത്ത് ]

ഖണ്ഡിക നം. - 10

2225-02-277-94-34—ഗിരിവർഗ്ഗ ഹോസ്റ്റൽ - മറ്റ് ചെലവുകൾ-മറ്റിനം

പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ 5500 വിദ്യാർത്ഥികളുടെ മെസ്സ് ചാർജ്ജ് ഇനത്തിൽ 16.5 കോടി രൂപയും യൂണിഫോം, നൈറ്റ് ഡ്രെസ് മറ്റു ചിലവുകൾക്കായി 1.65 കോടി രൂപയും ഉൾപ്പെടെ ആകെ 18.15 കോടി രൂപ ഈ ശീർഷകത്തിൽ ആവശ്യമാണ്. അതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം 2225-02-277-94-34- ഗിരിവർഗ ഹോസ്റ്റൽ - മറ്റ് ചെലവുകൾ - മറ്റിനം എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 8,62,50,000 രൂപ അനുവദിച്ചു. ടി തുകയിൽ 8,59,92,268 രൂപ ചെലവഴിച്ചു. 5,00,00,000 രൂപ അധികമായി ടി ശീർഷകത്തിൽ അനുവദിക്കുന്നതിന് SDG മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും ടി തുക ലഭ്യമായില്ല. കൂടാതെ ടി ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന 10 കോടി രൂപയും ആവശ്യപ്പെട്ടിരുന്നു. ടി തുകയും ലഭ്യമായില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ നമ്പർ കത്ത്.]

ഖണ്ഡിക നം. - 11

2225-02-277-52—പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്ക് പട്ടികവർഗ്ഗ

ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഹോസ്റ്റലുകളുടെ ചെറിയ അറ്റകുറ്റപ്പണി, ഫർണിച്ചർ, വൈദ്യുതി, പാത്രങ്ങൾ, മഴവെള്ള സംഭരണി, കമ്പ്യൂട്ടർ, ഖര-ദ്രവ മാലിന്യ സംസ്കരണം, ഇ -ഗവേർണൻസ് സംരംഭങ്ങൾ, കുടിവെള്ളം തുടങ്ങിയ എല്ലാ സംവിധാനങ്ങളും ഒരുക്കുന്നതിനുദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. 4.5 കോടി രൂപ ടി പദ്ധതിയ്ക്ക് അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. 2024-25 വർഷത്തെ ചെലവുകൾ വഹിക്കുന്നതിലേയ്ക്ക് ടി ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2024-25 സാമ്പത്തിക വർഷം 2225-02-277-52-പട്ടികവർഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 4,50,00,000 രൂപ അനുവദിച്ചിരുന്നു. ആയതിൽ 2,82,47,300 രൂപ ചെലവഴിച്ചിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത്]

<u>ഖണ്ഡിക നം. - 12</u>

2225-02-277-49-06—<u>ആശ്രമം സ്കൂൾ/മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയുടെ നടത്തിപ്പ് -വാടക, കരം, നികുതി</u>

മോഡൽ റസിഡൻഷ്യൽ/ആശ്രമം സ്കൂളുകൾ, നാല് ഏകലവ്യ, രണ്ട് പ്രത്യേക സി.ബി.എസ്.ഇ. മാതൃക റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുടെ ദൈനംദിന നടത്തിപ്പിനാവശ്യമായ ചെലവുകൾ അവയുടെ കേടുപാടുകൾ തീർക്കൽ അന്തേവാസികളുടെ സമഗ്ര വികസനത്തിനാവശ്യമായ സോഫ്റ്റ് സ്കിൽ വികസനം തുടങ്ങിയവ നടപ്പാക്കുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ള ടി പദ്ധതിയ്ക്ക് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 37 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2024-25 സാമ്പത്തിക വർഷം 2225-02-277-49-06- ആശ്രമം സ്കൂൾ/മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയുടെ നടത്തിപ്പ് - വാടക, കരം, നികുതി എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 1,14,000 രൂപ അനുവദിച്ചു. ടി തുക മുഴുവൻ ചെലവഴിച്ച ടി ശീർഷകത്തിൽ അധിക തുക അനുവദിക്കുന്നതിന് SDG മുഖേന

10,00,000 രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ടി തുക ലഭ്യമായിരുന്നില്ല. എന്നാൽ അഡീഷണൽ ഓതറൈസേഷൻ മുഖേന 18,06,000 രൂപ കൂടി ലഭിച്ചിരുന്നു. എന്നാൽ ട്രഷറി നിയന്ത്രണം മൂലം ടി തുക ചെലവഴിക്കാൻ കഴിഞ്ഞില്ല. ആകെ ഈ ശീർഷകത്തിൽ ചെലവഴിച്ച തുക 1,14,000 രൂപ.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത്]

ഖണ്ഡിക നം - 13

2225-02-277-49-34—ആശ്രമം സ്കൂൾ / മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയുടെ നടത്തിപ്പ്-മറ്റു ചെലവുകൾ

മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ദൈനംദിന ചെലവുകൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാലും മുൻവർഷത്തെ കുടിശ്ശിക നൽകുന്നതിലേക്കുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം 2225-02-277-49-34 - ആശ്രമം സ്കൂൾ/മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയുടെ നടത്തിപ്പ് - മറ്റു ചെലവുകൾ എന്ന ശീർഷകത്തിൽ 5 കോടി രൂപ അനുവദിക്കുന്നതിന് SDG മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും ടി തുക ലഭ്യമായിട്ടില്ല. ടി ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 39,29,63,000 രൂപയിൽ 36,55,87,924 രൂപ ചെലവഴിച്ചിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത്]

ഖണ്ഡിക നം. - 14

2225-02-277-47-06—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ-വാടക, കരം, നികുതി

വ്യാവസായിക പരിശീലന കേന്ദ്രത്തിന്റെ വാടക നൽകുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. കുട്ടമല വി.ടി.സി. കെട്ടിടത്തിന് വാടക കുടിശ്ശിക ഇനത്തിൽ 90,000 രൂപ അനുവദിച്ച നൽകാനുള്ളതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2024-25 സാമ്പത്തിക വർഷം 2225-02-277-47-06- വ്യാവസായിക - പരിശീലന കേന്ദ്രങ്ങൾ-വാടക, കരം. നികുതി എന്ന ശീർഷകത്തിൽ 1 ലക്ഷം രൂപ അനുവദിക്കുന്നതിന് SDG മുഖേന സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ടി തുക ലഭ്യമായിരുന്നില്ല. ടി ശീർഷകത്തിൽ 80,000 രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചതിൽ 79,963 രൂപ ചെലവഴിച്ചു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത്]

<u>ഖണ്ഡിക നം. - 15</u>

2225-02-277-46-06—<u>ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ-വാടക, കരം ,നികുതി</u>

ഉൽപ്പാദന പരിശീലന കേന്ദ്രത്തിന്റെ വാടക നൽകുന്നതിന് നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് കാണുന്നു. പി.സി.ടി.സി. ചേന്നൻപാറ കെട്ടിടത്തിന് വാടക കുടിശ്ശിക ഇനത്തിൽ 92,000 രൂപ അനുവദിച്ചു നൽകാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ ടി ശീർഷകത്തിൽ 1 ലക്ഷം രൂപ കൂടി അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2024-25 സാമ്പത്തിക വർഷം 2225-02-277-46-06 ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ-വാടക, കരം, നികുതി എന്ന ശീർഷകത്തിൽ ഒരു ലക്ഷം രൂപ അനുവദിക്കുന്നതിന് SDG മുഖേന സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും തുക ലഭ്യമായില്ല. ടി ശീർഷകത്തിൽ 1,50,000 രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചതിൽ മുഴുവൻ തുകയും ചെലവഴിച്ചു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത്]

<u>ഖണ്ഡിക നം - 16</u>

2225-02-277-40-03—<u>വിദ്യാർത്ഥികൾക്കുള്ള ഇൻസെന്റീവും ധനസഹായവും-സ്കൂൾ കോളേജ് തലത്തിലെ വിദ്യാർത്ഥികൾക്ക് പഠനയാത്രയ്ക്കുള്ള ധനസഹായം</u>

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്ലസ്ടു, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ, ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പഠനയാത്രയ്ക്കും വിനോദ യാത്രയ്ക്കും വേണ്ടിയുള്ള സാമ്പത്തിക സഹായം നൽകുക എന്ന പദ്ധതി പ്രകാരം പി.വി.റ്റി.ജി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള ഭാരതദർശൻ പരിപാടിക്ക്

100 ലക്ഷം രൂപ അധികമായി ആവശ്യമുള്ളതാണ്. ടി പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.6 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം 2225-02-277-40-03- വിദ്യാർത്ഥികൾക്കുള്ള ഇൻസെന്റീവും ധനസഹായവും-സ്കൂൾ കോളേജ് തലത്തിലെ വിദ്യാർത്ഥികൾക്ക് പഠനയാത്രയ്ക്ക് ധനസഹായം എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 75 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട് . ടി തുകയിൽ 58,93,061 രൂപ ചെലവഴിച്ചിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത്]

ഖണ്ഡിക നം. - 17

2225-02-277-35—പട്ടികവർഗ്ഗക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ

വിദ്യാവാഹിനി പദ്ധതിയുടെ നടത്തിപ്പ്, മോഡൽ പ്രീ-സ്കൂളുകളുടെ പ്രവർത്തനം, മിൽമ മുഖേന പാൽ, മുട്ട വിതരണം എന്നീ പദ്ധതികൾക്ക് ഉൾപ്പെടെ ഈ ശീർഷകത്തിൽ 34.25 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം 2225-02-277-35- പട്ടികവർഗക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 32.1 കോടി രൂപ അനുവദിച്ചു. SDG മുഖേന സർക്കാരിലേയ്ക്ക് 17,75,81,000 രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ടി തുക ലഭ്യമായിരുന്നില്ല. അഡീഷണൽ ഓതറൈസേഷൻ മുഖേന 5 കോടി രൂപ അനുവദിച്ചു. ആകെ ടി ശീർഷകത്തിൽ അനുവദിച്ച 37,10,00,000 രൂപയിൽ 35,88,40,321 രൂപ ചെലവഴിച്ചിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത് ]

ഖണ്ഡിക നം. - 18

2225-02-277-32—വയനാട് ഗോത്രഭാഷാ കലാപഠനകേന്ദ്രം

വിവരണാത്മകവും അപഗ്രഥനാപരവുമായ രീതിശാസ്ത്രത്തിലൂടെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ശ്രേഷ്ഠമായ സാംസ്കാരിക പൈതൃകത്തെ ഡോക്യുമെന്റ് ചെയ്യുക (ഭാഷ, കലാരൂപങ്ങൾ, വായ് മൊഴിയായ സാഹിത്യം ഉൾപ്പെടെ) പ്രാഥമിക ദ്വിതീയ

തലത്തിലുള്ള അടിസ്ഥാന വിവരങ്ങൾ, ഔദ്യോഗിക രേഖകൾ, സർവ്വേ, വ്യക്തിഗത അഭിമുഖം, ഫീൽഡ് വർക്ക് എന്നിവയിലൂടെ സമാഹരിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഗോത്രഭാഷാപഠനകേന്ദ്രം എന്ന ശീർഷകത്തിൽ 2024-25 വർഷം വകയിരുത്തിയിട്ടുള്ള 4 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ പദ്ധതിയുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2024-25 സാമ്പത്തിക വർഷം 2225-02-277-32-വയനാട് ഗോത്രഭാഷാ കലാപഠനകേന്ദ്രം എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 4 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ ടി തുക ചെലവഴിച്ചിട്ടില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത്]

<u>ഖണ്ഡിക നം. - 19</u>

2225-02-277-29-02-12—<u>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്-സംസ്ഥാനവിഹിതം-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും</u>

2018-19 മുതൽ 2022-23 വരെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് കുടിശ്ശിക ഇനത്തിൽ അനുവദിച്ച നൽകാനുള്ള 12.98 കോടി രൂപയും 2023-24 അധ്യയനവർഷത്തെ സ്കോളർഷിപ്പ് തുക അനുവദിക്കുന്നതിനായി 30 കോടി രൂപയും അധികം ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ പ്രസ്തുത ശീർഷകത്തിൽ 42.98 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2024-25 സാമ്പത്തിക വർഷം 2225-02-277-29-02-12 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്-സംസ്ഥാന വിഹിതം സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 12 കോടി രൂപ അനുവദിച്ചു. 12 കോടിയും ചെലവഴിച്ചു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത്]

ഖണ്ഡിക നം. - 20

2225-02-282-92—അരിവാൾ രോഗത്തിനുള്ള ധനസഹായം

വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടു വരുന്ന പാരമ്പര്യ രോഗമായ അരിവാൾ രോഗം ബാധിച്ചവർക്ക് സാന്ത്വനമെന്ന നിലയിലും, മരുന്നും മറ്റ് ജീവനോപാധികളും വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷം 26.70 ലക്ഷം രൂപ കുടിശ്ശിക ഉള്ളതിനാൽ അത് അനുവദിക്കുന്നതിലേക്ക് ഈ ശീർഷകത്തിൽ 27 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം 2225-02-282-92 അരിവാൾ രോഗത്തിനുള്ള ധനസഹായം എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 2.5 കോടി രൂപ വകയിരുത്തിട്ടുണ്ട്. ടി തുക ചെലവഴിച്ചു. ടി ശീർഷകത്തിൽ അധിക തുക ലഭ്യമാക്കുന്നതിന് SDG മുഖേന 99.53 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ടി തുക ലഭ്യമായില്ല. എന്നാൽ അഡീഷണൽ ഓതറൈസേഷൻ മുഖേന 97,82,000 രൂപ കൂടി അനുവദിച്ചു. ടി ശീർഷകത്തിൽ ആകെ 3,47,81,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത്]

ഖണ്ഡിക നം - 21

2225-02-800-92 —ട്രൈബൽ ബോർഡിലെ അംഗങ്ങൾക്കുള്ള യാത്രാചെലവ്

പട്ടികവർഗ്ഗ ഉപദേശക സമിതി അംഗങ്ങളുടെ യാത്രാ ചെലവ് അനുവദിക്കുന്നതിനായുള്ള ഈ ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം 2225-02-800-92- ട്രൈബൽ ബോർഡിലെ അംഗങ്ങൾക്കുള്ള യാത്രാ ചെലവ് എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി ടോക്കൺ പ്രൊവിഷനാണ് ഉള്ളത്. ബഡ്ജറ്റ് വിഹിതമായി 1000 രൂപ അനുവദിച്ചതിൽ തുക ഒന്നും ചെലവഴിച്ചില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത്]

ഖണ്ഡിക നം. - 22

2225-02-800-68-01—അതിക്രമം തടയുന്നതിനു വേണ്ടിയുള്ള സ്കീം നടപ്പാക്കൽ

1984-ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം നടപ്പാക്കുന്നതിന് സഹായിക്കുന്നതിനായുള്ള ഈ പദ്ധതിയിൽ വിവിധ ജില്ലാ ഓഫീസുകളിലായി പെൻഡിംഗിലുള്ള അപേക്ഷകൾക്ക് ആശ്വാസ ധനസഹായം, ബോധവത്കരണം ഉൾപ്പെടെയുള്ള മറ്റ് പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാരിൽ 1.55 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 1.55 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം 2225-02-800-68-01- അതിക്രമം തടയുന്നതിന് വേണ്ടിയുള്ള സ്കീം നടപ്പാക്കൽ എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 1 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ 37,19,487 രൂപ ചെലവഴിച്ചിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത്]

ഖണ്ഡിക നം. - 23

2225-02-800-68-02—അതിക്രമം തടയുന്നതിനു വേണ്ടിയുള്ള സ്കീം നടപ്പാക്കൽ

വിവിധ ജില്ലാ ഓഫീസുകളിലായി പെൻഡിംഗിലുള്ള അപേക്ഷകൾക്ക് ആശ്വാസ ധനസഹായം, ബോധവത്കരണം ഉൾപ്പെടെയുള്ള മറ്റ് പ്രവർത്തനങ്ങൾക്കായി നടപ്പ് വർഷം കേന്ദ്രസർക്കാരിൽ 1.55 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 1.55 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷം 2225-02-800-68-02- അതിക്രമം തടയുന്നതിനു വേണ്ടിയുള്ള സ്കീം നടപ്പാക്കൽ എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 1 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ, 37,19,487 രൂപ ചെലവഴിച്ചു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത് ]

ഖണ്ഡിക നം. - 24

2225-02-001-95—കിർത്താഡ്സ് - ഗവേഷണവും പരിശീലനവും

2024-25 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 78.35 ലക്ഷം രൂപ ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 8.35 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2225-02-001-95- കിർത്താഡ്സ് ഗവേഷണവും പരിശീലനവും - പ്ലാൻ എന്ന ശീർഷകത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ 70 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിൽ 53.42 ലക്ഷം രൂപ ചെലവഴിച്ചു. പ്രസ്തുത വർഷത്തിൽ ബജറ്റിൽ വകയിരുത്തിയ തുക പദ്ധതി ചെലവുകൾ വഹിക്കുന്നതിന് പര്യാപ്തമായിരുന്നു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത്]

ഖണ്ഡിക നം. - 25

2225-02-800-56—ആദികലാഗ്രാമം

2024-25 സാമ്പത്തിക വർഷത്തേയ്ക്ക് 1.02 കോടി രൂപയാണ് ഈ ശീർഷകത്തിൽ ആവശ്യമായി വരുന്നതെന്നും എന്നാൽ 70 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂവെന്നതിനാൽ ഈ ശീർഷകത്തിൽ 32 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2225-02-800-56- ആദികലാഗ്രാമം എന്ന ഈ ശീർഷകത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ 70 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. ആയതിൽ 33.28 ലക്ഷം രൂപ (47.54%) ചെലവഴിച്ചു. പ്രസ്തുത വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക പദ്ധതി ചെലവുകൾ വഹിക്കുന്നതിന് പര്യാപ്തമായിരുന്നു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത്]

ഖണ്ഡിക നം. - 26

2225-80-001-99-04-1—കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - യാത്രാ ചെലവുകൾ-യാത്രാബത്ത

വകുപ്പിൽ 80% പേരും ഫീൽഡ് ഓഫീസർമാരാണ്. പട്ടികജാതി പട്ടികവർഗ്ഗ സമുദായക്കാരുടെ ഉന്നമനത്തിനായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക (ഫീൽഡ് തലം ഉൾപ്പെടെ), ഗവേഷണങ്ങൾ നടത്തുക എന്നിവയും, ജാതി നിർണ്ണയത്തിന്റെ ഭാഗമായി പ്രധാനമായും വിവിധ താലൂക്കുകളിൽ നിന്നും പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷൻ, ബഹു. ഹൈക്കോടതി എന്നിവിടങ്ങളിൽ നിന്നും വരുന്ന ജാതി കേസുകളുടെയും സ്കൂട്ടിനി കമ്മിറ്റി, സ്ക്രീനിംഗ് കമ്മിറ്റി എന്നിവയ്ക്കു വേണ്ട അന്വേഷണ റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കേണ്ടതും ഈ വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളായതിനാൽ പ്രസ്തുത കാര്യങ്ങൾക്കായി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് യാത്രാബത്ത ബില്ലുകൾ അനുവദിക്കുന്നതിനും നിലവിലുള്ള കുടിശ്ശിക തീർക്കുന്നതിനുമായി പ്രസ്തുത ശീർഷകത്തിൽ 8.2826 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2225-80-001-99-04-1- കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - യാത്രാ ചെലവുകൾ-യാത്രാബത്ത "നോൺ പ്ലാൻ" എന്ന ഈ ശീർഷകത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ 1 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. പ്രസ്തുത തുക സാമ്പത്തിക വർഷം പകുതിയിൽ തന്നെ മുഴുവനായി ചെലവഴിച്ചിരുന്നു. അധിക ധനാനുമതിയായി 50,000 രൂപ മാത്രമാണ് അനുവദിച്ചിരുന്നത്. പ്രസ്തുത തുക ചെലവഴിച്ചതിനുശേഷം രണ്ട് തവണകളായി 2,85,000 രൂപ 3,00,000 രൂപ എന്നിങ്ങനെ അധിക ധനാനുമതി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും തുകകളൊന്നും അനുവദിച്ചിരുന്നില്ല. ആയതിനാൽ നിലവിൽ വകുപ്പിലെ 2023 മാർച്ച് മാസം വരെയുള്ള യാത്രാബത്ത ബില്ലുകൾ മാത്രമാണ് അനുവദിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ശേഷിക്കുന്ന രണ്ട് വർഷത്തെ യാത്രാബത്ത കുടിശ്ശികയായി നിലവിൽ 3 ലക്ഷത്തോളം രൂപ നൽകാനുണ്ട്. ഇതുകൂടാതെ കാലഹരണപ്പെട്ട 2016 മുതൽ 2020 വർഷം വരെയുള്ള 7,28,000 രൂപയുടെ ബില്ലുകൾ അനുദവിക്കാനുള്ളതും സർക്കാരിന്റെ പരിഗണനയിലുമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരുന്ന തുക 2024-25 വർഷത്തെ ചെലവുകൾ വഹിക്കുന്നതിന് അപര്യാപ്തമായിരുന്നു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത്]

ഖണ്ഡിക നം. - 27

2225-80-001-99-05-2—കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

കിർത്താഡ്സിന് നിലവിൽ ഒരു വർഷത്തേയ്ക്ക് വൈദ്യുതി ചെലവ് ഇനത്തിൽ ഏകദേശം 4,02,000 രൂപ ആവശ്യമുള്ളതിൽ 2.02 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത് അതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2225-80-001-99-05-2- കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ് - "നോൺ പ്ലാൻ" എന്ന ശീർഷകത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ 2,02,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക മുഴുവനായും ചെലവഴിച്ചതിന്റെ ഭാഗമായി അധിക ധനാനുമതിയായി 2,00,000 രൂപ കൂടി അനുവദിച്ചിരുന്നു. പ്രസ്തുത തുക ആ സാമ്പത്തിക വർഷത്തെ വൈദ്യുതി ചെലവുകൾ വഹിക്കുന്നതിന് പര്യാപ്തമാണെന്ന് കണ്ടിരുന്നുവെങ്കിലും മുഴുവൻ ചെലവുകളും വഹിക്കുന്നതിന് കഴിഞ്ഞിരുന്നില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത്]

ഖണ്ഡിക നം - 28

2225-80-001-99-05-3—കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)- ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

വകുപ്പിന് നിലവിലുള്ള ടെലിഫോൺ കണക്ഷനുകൾക്ക് ഒരു വർഷത്തേയ്ക്ക് 35,000 രൂപയും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള KSWAN കണക്ഷന് ഒരു വർഷത്തേയ്ക്ക് 55,000 രൂപയും ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 39,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2225-80-001-99-05-3- കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ് - "നോൺ പ്ലാൻ" എന്ന ഈ ശീർഷകത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ 51,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ടെലിഫോൺ ചെലവിനത്തിലെ ശരാശരി തുകയായ 35,000 രൂപയും വകുപ്പിലെ ഇ-ഓഫീസ് സംവിധാനത്തിന്റെ K-SWAN കണക്ഷന്റെ ബിൽ തുകയായ 55,000 രൂപയും ചേർത്ത് ഈ സാമ്പത്തിക വർഷം 90,000 രൂപ ആവശ്യമാണ്. ആയതിനാൽ അധികമായി വരുന്ന 39,000 രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത്]

<u>ഖണ്ഡിക നം. - 29</u>

2225-80-001-99-05-4—<u>കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)- ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ</u>

കിർത്താഡ്സിന്റെ ഓഫീസ് ചെലവുകൾ നിർവ്വഹിക്കുന്നതിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.20 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2225-80-001-99-05-4- കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)- ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ "നോൺ പ്ലാൻ" എന്ന ശീർഷകത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ 66,000 രൂപയാണ് വകയിരുത്തിയിരുന്നത്. കൂടാതെ 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) അധിക ധനാനുമതിയായി ലഭിക്കുകയും ചെയ്തു. പ്രസ്തുത തുക മുഴുവനായും ചെലവഴിച്ചു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരുന്ന തുക 2024-25 വർഷത്തെ ചെലവുകൾ വഹിക്കുന്നതിന് പര്യാപ്തമായിരുന്നു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത് ]

ഖണ്ഡിക നം. - 30

2225-80-001-99-21-2—കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)- മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപണികളും

കിർത്താഡ്സിന്റെ വാഹനങ്ങളുടെ അറ്റകുറ്റപണികളുടെ ചെലവിലേയ്ക്കായി വകുപ്പിന് ഒരു വർഷത്തേയ്ക്ക് 1,00,000 രൂപ ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ ഈ ശീർഷകത്തിൽ 76,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2225-80-001-99-21-2- കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)- മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപണികളും എന്ന ശീർഷകത്തിൽ 2024-25 സാമ്പത്തിക വർഷം 24,000 രൂപയാണ് വകയിരുത്തിയിരുന്നത്. ആയതിൽ 82% തുക ചെലവഴിച്ചിരുന്നു. വകുപ്പിലെ രണ്ട് വാഹനങ്ങളും രജിസ്ട്രേഷൻ കാലാവധി പൂർത്തീകരിച്ചതിനാലും പുതിയ വാഹനം വാങ്ങുന്നതിനായി സർക്കാർ അനുമതി ലഭിക്കാതിരുന്നതിനാലും കൂടുതൽ ചെലവുകൾ വന്നിരുന്നില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരുന്ന തുക 2024-25 വർഷത്തെ ചെലവുകൾ വഹിക്കുന്നതിന് പര്യാപ്തമായിരുന്നു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത് ]

ഖണ്ഡിക നം - 31

2225-80-001-99-26—കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)- ഔദ്യോഗിക ഭാഷാ പ്രയോഗം

ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ നടത്താനും ഔദ്യോഗിക ഭാഷാ നയം നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാനുമായി 2024-25-ൽ ടോക്കൺ തുക മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2225-80-001-99-26- കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-ഔദ്യോഗിക ഭാഷാ പ്രയോഗം എന്ന

ശീർഷകത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ ടോക്കൺ തുകയായ 1,000 രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. ഔദ്യോഗിക ഭാഷാദിനാചരണത്തിന്റെ ഭാഗമായി 42,000 രൂപയുടെ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നെങ്കിലും അധിക ധനാനുമതി ലഭിച്ചിരുന്നില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത്.]

ഖണ്ഡിക നം. - 32

2225-80-001-99-45—കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-പി.ഒ.എൽ.

കിർത്താഡ്സിന് വാഹനങ്ങളുടെ ഇന്ധന ചെലവിനായി 2024-25 സാമ്പത്തിക വർഷം 1,77,000/- രൂപ ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2225-80-001-99-45- കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-പി.ഒ.എൽ. എന്ന ശീർഷകത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ 77,000 രൂപയാണ് വകയിരുത്തിയിരുന്നത്. ആയതിൽ 48,900 രൂപ ഇതുവരെ ചെലവഴിച്ച് കഴിഞ്ഞു. വകുപ്പിലെ രണ്ട് വാഹനങ്ങളും രജിസ്ട്രേഷൻ കാലാവധി പൂർത്തീകരിച്ചതിനാലും പുതിയ വാഹനം വാങ്ങുന്നതിനായി സർക്കാർ അനുമതി നൽകാതിരുന്നതിനാലും കൂടുതൽ ചെലവുകൾ വന്നിരുന്നില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരുന്ന തുക 2024-25 വർഷത്തെ ചെലവുകൾ വഹിക്കുന്നതിന് പര്യാപ്തമായിരുന്നു.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത് ]

ഖണ്ഡിക നം. - 33

2225-80-001-99-99—കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-വിവര സാങ്കേതിക വിദ്യ

കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിനും വകുപ്പിലേയ്ക്ക് ആവശ്യമായ സോഫ്റ്റ്‌വെയറുകൾ വാങ്ങുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.99 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2225-80-001-99-99- കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-വിവര സാങ്കേതിക വിദ്യ എന്ന ശീർഷകത്തിൽ ടോക്കൺ തുകയായി 1,000 രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. അധിക ധനാനുമതിയായി 3,10,000 രൂപയുടെ പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നെങ്കിലും ആയതിനു അനുമതി ലഭ്യമായിരുന്നില്ല.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം.) വകുപ്പിന്റെ 5-6-2025-ലെ പി.എം1/278/2024/പജപവവിവ. നമ്പർ കത്ത് ]

<u>ഖണ്ഡിക നം. - 34</u>

2225-80-800-96-31—<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ സഹായധനം-ശമ്പളം</u>

കമ്മീഷൻ അംഗങ്ങളുടെയും ജീവനക്കാരുടെയും ശമ്പള ഇനത്തിൽ 3.8825 കോടി രൂപയാണ് 2024-25 വർഷത്തെ ചെലവായി കണക്കാക്കിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 1.2878 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5947 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

25-10-2024 തീയതിയിലെ G.O.(Rt.)No.944/2024/SCSTD പ്രകാരം 40,00,000 രൂപയും, (നാൽപ്പത് ലക്ഷം രൂപ മാത്രം), 5-12-2024 തീയതിയിലെ G.O.(Rt.)No.1028/2024/SCSTD പ്രകാരം (60,00,000 (അറുപത് ലക്ഷം രൂപ മാത്രം), 10-3-2025 തീയതിയിലെ G.O.(Rt.)No.172/2025/SCSTD പ്രകാരം 56,00,000 രൂപയും(അൻപത്തിയാറ് ലക്ഷം രൂപ മാത്രം) ഉൾപ്പെടെ ആകെ 1,56,00,000 രൂപ (ഒരുകോടി അൻപത്തിയാറ് ലക്ഷം രൂപ മാത്രം) അധിക ധനാനുമതിയിലൂടെ അംഗങ്ങളുടെയും ജീവനക്കാരുടെയും ശമ്പള ഇനത്തിൽ കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷന് അനുവദിച്ച് നൽകിയിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 21-6-2025-ലെ ഇ 2/67/2025/പജപവവിവ. നമ്പർ കത്ത്]

ഖണ്ഡിക നം. - 35

2225-80-800-96-36 —പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ-സഹായ ധനം-ശമ്പളേതരം

സാധാരണ ചെലവുകൾക്ക് പുറമേ കമ്മീഷനിലെ കാലഹരണപ്പെട്ട രണ്ട് വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ വാങ്ങേണ്ടതിനാൽ ഈ ശീർഷകത്തിൽ 63.9 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

20-3-2025 തീയതിയിലെ സ.ഉ(അ)നം. 28/2025/ധന. - ഉത്തരവ് പ്രകാരം ധന ദൃഢീകരണ പ്രക്രിയ തുടരുന്നതിനാൽ കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷനിൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിലേക്ക് കമ്മീഷന്റെ നോൺ പ്ലാൻ - നോൺ സാലറി ശീർഷകത്തിൽ 63.9 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴി വകയിരിത്തണമെന്ന ശിപാർശ പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതാണ്.

എന്നാൽ, കമ്മീഷൻ മെമ്പറുടെ ഔദ്യോഗികാവശ്യത്തിലേയ്ക്കായി സുതാര്യമായ നടപടിക്രമങ്ങളിലൂടെയും പരമാവധി മാസവാടക ഡ്രൈവർ ഉൾപ്പെടെ 40,000 രൂപയിൽ അധികരിക്കരുതെന്ന വ്യവസ്ഥയിലും ഒരു വാഹനം കമ്മീഷന്റെ 2225-80-800-96-36-Grant-in-Aid General Non Salary (NP) ശീർഷകത്തിൽ നിന്നും തുക വിനിയോഗിച്ചുകൊണ്ട് വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

[പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിന്റെ 21-6-2025-ലെ ഇ 2/67/2025/പജപവവിവ. നമ്പർ കത്ത്]

ഖണ്ഡിക നം. - 36

2225-03-102-94 :

കുംഭാര കോളനികളുടെ വികസനം

4225-03-102-99 :

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളി സമുദായങ്ങൾ അധിവസിക്കുന്ന കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം (നടപ്പാത, കുടിവെള്ളം, വൈദ്യുതി, മണ്ണ് സംരക്ഷണം) തൊഴിൽ നവീകരണം (പൊതുവായ ഷെഡ്, മണ്ണരയ്ക്കുന്ന യന്ത്രം, ചൂള, മാർക്കറ്റിംഗ് സംവിധാനങ്ങൾ) എന്നിവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നതിന്

ലക്ഷ്യമിടുന്നു. 2024-25 സാമ്പത്തിക വർഷം പരമാവധി 6 കോടി രൂപ ചെലവഴിച്ച് കുറഞ്ഞത് 6 കോളനികളുടെ വികസനം ലക്ഷ്യമിടുന്നതിനാൽ മേൽപ്പറഞ്ഞ രണ്ട് ശീർഷകങ്ങളിലും കൂടി 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷം 'കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി' പ്രകാരം മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ അരുവാക്കോട് കുംഭാര കോളനി, പൊന്നാനി മുനിസിപ്പാലിറ്റിയിലെ 8-ാം വാർഡിലെ കുംഭാര കോളനി എന്നിവടങ്ങളിൽ പദ്ധതി നടപ്പാക്കുന്നതിന് 27-11-2023-ലെ സ.ഉ.(സാധാ)നം. 102/2023/പി.വി.വി.വ. പ്രകാരം 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷം ഈ പദ്ധതിക്ക് 2225-03-102-94(P) ശീർഷകത്തിൽ 10 ലക്ഷം രൂപയും, 4225-03-102-99 (P) ശീർഷകത്തിൽ 90 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ആയത് പ്രകാരം 4225-03-102-99 (P) ശീർഷകത്തിൽ നിന്നും അനുവദിച്ച 9 ലക്ഷം രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2225-03-102-94 (P) ശീർഷകത്തിൽ നിന്നും തുക അനുവദിച്ചിരുന്നില്ല. 2024-25 വർഷം വകയിരുത്തിയ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കാത്ത സാഹചര്യത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 18-7-2025-ലെ എ 1/109/2024/പി.വി.വി.വ. നമ്പർ കത്ത്]

<u>ഖണ്ഡിക നം. - 37</u>

2225-03-277-99-12 —<u>മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾ-</u>
<u>സ്കോളർഷിപ്പുകളും സ്റ്റൈപ്പൻഡുകളും</u>

പോസ്റ്റ്മെട്രിക്ക് തലത്തിൽ പഠിക്കുന്ന ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് വാർഷിക വരുമാന പരിധിക്ക് വിധേയമായി വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതിനും എസ്.ഇ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 1 ലക്ഷം രൂപ വരുമാന പരിധിക്ക് വിധേയമായി കെ.പി.സി.ആർ. ആനുകൂല്യം അനുവദിക്കുന്നതിനും മുൻ വർഷത്തെ കുടിശ്ശിക തീർക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 500 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2024-25 വർഷം പദ്ധതിയേതര ശീർഷകത്തിൽ വകയിരുത്തിയ 200 കോടിയിൽ 199,99,76,139 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതിക്ക് പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയ 40 കോടി രൂപയും, അവസാന ഉപധനാഭ്യർത്ഥന വഴി അനുവദിച്ച 100 കോടി രൂപയും, അധിക ധനാനുമതിയായി അനുവദിച്ച 218 കോടി രൂപയും ഉൾപ്പെടെ, ആകെ അനുവദിച്ച 358 കോടി രൂപയിൽ 357,98,99,391 രൂപ ചെലവഴിച്ചിട്ടുണ്ട്.

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 18-7-2025-ലെ എ 1/109/2024/പി.വി.വി.വ. നമ്പർ കത്ത്]

<u>ഖണ്ഡിക നം. - 38</u>

2225-03-800-81—<u>ഒ.ബി.സി. യ്ക്കുള്ള അഡ്വക്കേറ്റ് ഗ്രാന്റ്</u>

സാമൂഹ്യനീതി ഉറപ്പാക്കുന്നതിനായി ജുഡീഷ്യറിയിൽ മറ്റ് പിന്നാക്ക സമുദായങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്ന 2.5 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് 12,000 രൂപ നിരക്കിൽ 3 വർഷത്തേക്ക് ഗ്രാന്റ് നൽകുന്ന ഈ ശീർഷകത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശിക നൽകേണ്ടതിനാലും 2024-25 സാമ്പത്തിക വർഷം ഈ പദ്ധതി പ്രകാരമുള്ള അപേക്ഷകരുടെ എണ്ണം ഗണ്യമായി വർദ്ധിക്കുവാനിടയുള്ളതിനാലും ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അഡ്വക്കേറ്റ് ഗ്രാന്റ് പദ്ധതി പ്രകാരം 2024-25 സാമ്പത്തിക വർഷം 1.50 കോടി രൂപയുടെ അധിക ധനാനുമതി പ്രൊപ്പോസൽ ലഭിച്ചിരുന്നു. എന്നാൽ അഡ്വക്കേറ്റ് ഗ്രാന്റ് പദ്ധതിക്ക് 2024-25 വർഷം വകയിരുത്തിയിരുന്ന ബഡ്ജറ്റ് വിഹിതമായിരുന്ന 12 ലക്ഷം രൂപ ചെലവഴിക്കാതിരുന്നതിനാൽ ടി ശീർഷകത്തിൽ അധിക തുക അനുവദിച്ചിരുന്നില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 18-7-2025-ലെ എ 1/109/2024/പി.വി.വി.വ. നമ്പർ കത്ത്)

<u>ഖണ്ഡിക നം. - 39</u>

4225-03-190-99 —<u>പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവർക്കും പട്ടിക ജാതിയിലേക്ക് ശിപാർശ ചെയ്യപ്പെട്ടവർക്കുമായുള്ള സംസ്ഥാന വികസന കോർപ്പറേഷൻ</u>

കോർപ്പറേഷൻ 2024-25 സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന ലക്ഷ്യ ജനവിഭാഗങ്ങൾക്കായുള്ള ക്ഷേമ/സാമൂഹ്യ വികസന പദ്ധതികളും വായ്പാ പദ്ധതികളും നടപ്പിലാക്കുന്നതിലേക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 23.71 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷന് 2024-25 സാമ്പത്തിക വർഷം 4225-03-190-99 ശീർഷകത്തിൽ 8 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. 11-12-2024-ലെ സ.ഉ.(സാധാ) നം.79/2024/പി.വി.വി.വ. ഉത്തരവിലൂടെ പദ്ധതി വിഹിത ക്രമീകരണം നടത്തിയതിനെ തുടർന്ന് ടി ശീർഷകത്തിൽ നിന്നും 4 കോടി രൂപ അനുവദിക്കുകയും, തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്ന തുക പൂർണ്ണമായും ചെലവഴിക്കാത്ത സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അധിക ധനസഹായം ശീർഷകത്തിൽ അനുവദിച്ചിട്ടില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 18-7-2025-ലെ എ 1/109/2024/പി.വി.വി.വ. നമ്പർ കത്ത്)

<u>ഖണ്ഡിക നം - 40</u>

4225-03-190-98—<u>കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ</u>

സംസ്ഥാനത്തെ മറ്റു പിന്നോക്ക വിഭാഗക്കാരുടെയും മതന്യൂനപക്ഷ വിഭാഗങ്ങളുടെയും സാമൂഹിക സാമ്പത്തിക പുരോഗതിയാണ് കോർപ്പറേഷന്റെ ലക്ഷ്യം. ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ കോർപ്പറേഷൻ മറ്റു പിന്നോക്ക വിഭാഗത്തിനുതകുന്ന പരിപാടികൾ നടപ്പിലാക്കിവരുന്നു. ദേശീയ ഏജൻസികളുടെ പദ്ധതികൾക്ക് ആനുപാതിക വിഹിതം കണ്ടെത്തുന്നതിനും തനത് പദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള മൂലധന സഹായം ആയി തുക അനുവദിക്കുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 61 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2024-25 സാമ്പത്തിക വർഷം 4225-03-190-98 ശീർഷകത്തിൽ 9 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. 11-12-2024-ലെ സ.ഉ.(സാധാ) നം.79/2024/പി.വി.വി.വ. ഉത്തരവിലൂടെ പദ്ധതി വിഹിത ക്രമീകരണം നടത്തിയതിനെ തുടർന്ന് ഈ ശീർഷകത്തിൽ നിന്നും 1.50 കോടി

രൂപ അനുവദിക്കുകയും, ടി തുക വിവിധ പദ്ധതികൾക്കായി പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 2024-25 വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കാത്ത സാഹചര്യത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

(പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 18-7-2025- ലെ എ 1/109/2024/പി.വി.വി.വ. നമ്പർ കത്ത്)

ഖണ്ഡിക നം - 41

4225-03-190-97—കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ മാർക്കറ്റിംഗ് വികസന കോർപ്പറേഷൻ- ഷെയർ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ

സംസ്ഥാനത്തെ പരമ്പരാഗത കളിമൺപാത്ര നിർമ്മാണ ജനവിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ വികസനം ലക്ഷ്യമാക്കി സർക്കാരിന്റെ പൂർണ്ണ സഹായത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് പുതിയ പദ്ധതികൾ ആയ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പഠന വായ്പ, വിവാഹ വായ്പ, വാഹന വായ്പ, ഭവന അറ്റകുറ്റപ്പണികൾക്കുള്ള വായ്പ തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 3.2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 വർഷത്തെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കാത്ത സാഹചര്യത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടില്ല.

[പിന്നാക്ക വിഭാഗ വികസന (എ) വകുപ്പിന്റെ 18-7-2025-ലെ എ 1/109/2024/ പി.വി.വി.വ. നമ്പർ കത്ത്]

## ധനാഭ്യർത്ഥന നമ്പർ— XLVI-സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

ഖണ്ഡിക നം - 42

2235-02-101-89—ഭിന്നശേഷിക്കാർക്ക് വേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധസംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

2024-25 സാമ്പത്തികവർഷം ഭിന്നശേഷിക്കാർക്കുള്ള ഭവനങ്ങൾക്ക് ഗ്രാന്റ് നല്കുന്നതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ജില്ലാ പഞ്ചായത്ത് ശീർഷകത്തിൽ 83,88,000 രൂപയും മുനിസിപ്പാലിറ്റി ശീർഷകത്തിൽ 10,40,000 രൂപയും ഉൾപ്പെടെ ആകെ 94.28 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഭിന്നശേഷിക്കാർക്കുള്ള ഭവനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനായി ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ചിരുന്ന തുക യഥാസമയം ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും അലോട്ട്മെന്റായി ജില്ലാ സാമൂഹ്യനീതി ആഫീസുകൾക്കും ജില്ലാ ആഫീസുകളിൽ നിന്നും സ്ഥാപനങ്ങൾക്ക് നല്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങൾക്ക് ഫണ്ട് കൈമാറ്റം ചെയ്തിട്ടുള്ളതുമാകുന്നു. ടി തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം യഥാസമയം കീഴ്കാര്യാലയങ്ങളിൽ നിന്നും ലഭിക്കാത്തതിനാൽ അധിക തുക ആവശ്യപ്പെടുന്നതിന് സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ലെന്ന് ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ സമിതി നിർദ്ദേശിച്ച അധിക തുക അനുവദിക്കാൻ സാധിച്ചില്ല.

(സാമൂഹ്യനീതി (എ) വകുപ്പിന്റെ 26-9-2025-ലെ എ 3/199/2024-എസ്.ജെ.ഡി. നമ്പർ കത്ത്)

<u>ഖണ്ഡിക നം - 43</u>

2235-02-104-97—<u>സംരക്ഷണ കേന്ദ്രങ്ങൾ</u>

2024-25 വർഷത്തെ ഗ്രാന്റ് മുഴുവൻ കൊടുത്ത് തീർക്കുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60.03 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ചിരുന്ന തുക സംരക്ഷണ കേന്ദ്രങ്ങൾക്ക് വിനിയോഗിക്കുന്നതിന് യഥാസമയം ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും അലോട്ട്മെന്റ് തുക ജില്ലാ സാമൂഹ്യനീതി ആഫീസുകൾക്കും ജില്ലാ ആഫീസുകളിൽ നിന്നും തദ്ദേശ സ്ഥാപനങ്ങൾക്കും ഓർഫനേജ് കൺട്രോൾ ബോർഡ് കൈമാറ്റം ചെയ്തിട്ടുള്ളതാണ്. എന്നാൽ ടി തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം യഥാസമയം കീഴ്കാര്യാലയങ്ങളിൽ നിന്നും സമയബന്ധിതമായി ലഭിക്കാത്തതിനാൽ അധിക തുക ആവശ്യപ്പെടുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സാധിച്ചിട്ടില്ലെന്ന് ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ സമിതി നിർദ്ദേശിച്ച അധിക തുക അനുവദിക്കാൻ സാധിച്ചില്ല.

(സാമൂഹ്യനീതി (എ) വകുപ്പിന്റെ 26-9-2025-ലെ എ 3/199/2024-എസ്.ജെ.ഡി. നമ്പർ കത്ത്)

ഖണ്ഡിക നം - 44

2235-02-104-89 —അനാഥാലയ നിയന്ത്രണ ബോർഡ്

ഓർഫനേജ് കൺട്രോൾ ബോർഡ് ജീവനക്കാരുടെ ശമ്പളം, ശമ്പളേതരം ഇനങ്ങളിൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ, ശമ്പള ഇനത്തിൽ 85,81,000/- രൂപയും ശമ്പളേതര ഇനത്തിൽ 13,98,000 രൂപയും ഉൾപ്പെടെ പ്രസ്തുത ശീർഷകത്തിൽ ആകെ 99.79 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ചിരുന്ന തുക പൂർണ്ണമായും പ്രസ്തുത സാമ്പത്തിക വർഷത്തിൽ വിനിയോഗിച്ചിട്ടുണ്ട്. അധിക ധനപുനർവിനിയോഗം മുഖേന ഫണ്ട് അനുവദിക്കുന്നതിന് 14-3-2025-ൽ കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡ് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ സാമ്പത്തിക വർഷാവസാനം ആയതിനാൽ അധികതുക അനുവദിക്കാൻ സാധിക്കില്ലെന്നും മറ്റ് ശീർഷകങ്ങളിൽ നിന്നും തുക കണ്ടെത്തി ധനപുനർവിനിയോഗ ശിപാർശ ലഭ്യമാക്കാൻ 6-3-2025-ൽ ധനകാര്യ വകുപ്പ് അറിയിച്ചു. ധനപുനർവിനിയോഗ പ്രൊപ്പോസൽ നിശ്ചിത ഫോർമാറ്റിൽ (മാതൃക) സമർപ്പിച്ചിട്ടില്ലാത്തതിനാൽ പരിഗണിക്കുവാൻ കഴിയില്ലെന്നും, അതിനാൽ കേരള ബഡ്ജറ്റ് മാനുവലിൽ (കെ.ബി.എം.22) നിർദ്ദേശിച്ചിരിക്കുന്ന നിശ്ചിത പ്രൊഫോർമയിൽ പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കുവാനും 25-3-2025-ൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ സാമ്പത്തിക വർഷാവസാനം ആയതിനാൽ സമിതി ശിപാർശ ചെയ്ത തുക അനുവദിക്കാൻ സാധിച്ചില്ല.

(സാമൂഹ്യനീതി-എ വകുപ്പിന്റെ 26-9-2025-ലെ എ 3/199/2024-എസ്.ജെ.ഡി. നമ്പർ കത്ത്)

ഖണ്ഡിക നം - 45

2235-02-107-98-36—സന്നദ്ധ സംഘടനകൾക്കുള്ള സഹായം - സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ-സഹായധനം-ശമ്പളേതരം

2024-25 സാമ്പത്തിക വർഷം വയോജന സംരക്ഷണ കേന്ദ്രങ്ങൾക്കുള്ള ഗ്രാന്റ് പൂർണ്ണമായും നൽകുന്നതിന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.7963 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ചിരുന്ന തുക വയോജന സംരക്ഷണ കേന്ദ്രങ്ങൾക്ക് വിനിയോഗിക്കുന്നതിന് യഥാസമയം ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും അലോട്ട്മെന്റായി ജില്ലാ സാമൂഹ്യനീതി ആഫീസുകൾക്കും ജില്ലാ ആഫീസുകളിൽ നിന്നും തദ്ദേശ സ്ഥാപനങ്ങൾക്കും കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡ് കൈമാറ്റം ചെയ്തിരുന്നു. എന്നാൽ ടി തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം യഥാസമയം കീഴ്കാര്യാലയങ്ങളിൽ നിന്നും സമയബന്ധിതമായി ലഭിക്കാത്തതിനാൽ അധികതുക ആവശ്യപ്പെടുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കഴിഞ്ഞിരുന്നില്ല എന്ന് ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ സമിതി ശിപാർശ ചെയ്ത അധികതുക അനുവദിക്കാൻ സാധിച്ചില്ല.

(സാമൂഹ്യനീതി (എ) വകുപ്പിന്റെ 26-9-2025-ലെ എ 3/199/2024-എസ്.ജെ.ഡി. നമ്പർ കത്ത്)

ഖണ്ഡിക നം - 46

2235-02-190-98—കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ

കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷന്റെ ഭരണപരമായ ചെലവുകൾക്കായി 2024-25 വർഷത്തേയ്ക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ കോർപ്പറേഷന്റെ ഭരണ ചെലവുകൾക്കായി പ്രസ്തുത ശീർഷകത്തിൽ 1.15 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷന് 2024-25 സാമ്പത്തിക വർഷം 2235-02-190-98- നോൺ പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ടായിരുന്ന 35 ലക്ഷം രൂപ മുഴുവൻ ടി സ്ഥാപനത്തിന് ഗഡുക്കളായി അനുവദിച്ചിരുന്നു. എന്നാൽ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിക്കാൻ സാധിച്ചില്ല.

(സാമൂഹ്യനീതി (എ) വകുപ്പിന്റെ 26-9-2025-ലെ എ 3/199/2024-എസ്.ജെ.ഡി. നമ്പർ കത്ത്)

ഖണ്ഡിക നം - 47

2235-02-800-98 —മിശ്രവിവാഹങ്ങൾ

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതരിൽ നിന്നും 2017 മുതൽ 2023 മാർച്ച് 31 വരെ ലഭിച്ച 4753 അപേക്ഷകൾക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ധനസഹായം അനുവദിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ടി അപേക്ഷകർക്ക്

ധനസഹായം അനുവദിക്കുന്നതിന് നിലവിലെ വിഹിതം തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 14.259 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെടാത്ത മിശ്രവിവാഹിതരിൽനിന്ന് 2017 മുതൽ 2023 വരെ ലഭിച്ച പെന്റിംഗിലുള്ള അപേക്ഷകൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 13,30,80,000 രൂപ ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ ശീർഷകങ്ങളിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമകേന്ദ്രം, ഭിന്നശേഷി സ്കോളർഷിപ്പ്, വൃദ്ധമന്ദിരങ്ങളുടെ ചെലവുകൾ എന്നീ പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്ന തുകയിൽനിന്ന് വിനിയോഗിക്കുന്നതിനുള്ള അനുമതി സ.ഉ.(സാധാ)നം.55/2025/SJD തീയതി 15-3-2025 ഉത്തരവ് പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

[സാമൂഹ്യ നീതി (സി) വകുപ്പിന്റെ 24-4-2025-ലെ SJD-C1/111/2024-SJD നമ്പർ കത്ത് ]

<u>ഖണ്ഡിക നം - 48</u>

2235-60-200-72-07—<u>വയോമിത്രം</u>

വയോജനങ്ങൾക്കായുള്ള സാമൂഹ്യസുരക്ഷ പദ്ധതിയായി സാമൂഹ്യ സുരക്ഷാമിഷൻ നടപ്പാക്കുന്ന വയോമിത്രം പദ്ധതിക്കായി നിലവിലെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള വിഹിതം പൂർണ്ണമായും 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി ചെലവുകൾക്ക് ആവശ്യമുള്ള തായി സമിതി മനസിലാക്കുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ മരുന്ന് വാങ്ങിയ വകയിൽ KMSCL -ന് 10 കോടി രൂപ കുടിശ്ശിക ഉള്ളതിനാൽ പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വയോമിത്രം പദ്ധതിയുടെ നടത്തിപ്പിനായി 2024-25 സാമ്പത്തിക വർഷത്തിൽ 2235-60-200-72-07 (P) എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള 2750 ലക്ഷം രൂപക്ക് ഭരണാനുമതി നല്കി ഉത്തരവായിരുന്നു. ഇതിൽ 22 കോടി രൂപ അനുവദിക്കുകയും 17.28 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വയോമിത്രം പദ്ധതിക്ക് 2023-24 സാമ്പത്തിക വർഷത്തിൽ മരുന്ന് വാങ്ങിയ വകയിൽ KMSCL-ന് നൽകുവാനുള്ള 10 കോടി രൂപ അധികമായി അനുവദിക്കുന്നതിനായി കെ.എസ്.എസ്.എം. പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും പദ്ധതി വിഹിതങ്ങളുടെ ക്രമീകരണവുമായി ബന്ധപ്പെട്ടു തുക അനുവദിക്കാൻ സാധിച്ചില്ല.

[സാമൂഹ്യ നീതി (സി) വകുപ്പിന്റെ 27-9-2025-ലെ സാനീവ-സി2/180/2024-സാനീവ നമ്പർ കത്ത്]

ഖണ്ഡിക നം - 49

2235-60-200-72-02—കേരള സാമൂഹ്യ സുരക്ഷാ മിഷൻ-തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവരെ പരിചരിക്കുന്നവർക്കുള്ള സഹായം (ആശ്വാസ കിരണം)

ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെട്ട 19229 ഗുണഭോക്താക്കളിൽ 17376 ഗുണഭോക്താക്കൾക്ക് 2022 സെപ്റ്റംബർ മാസം മുതൽ 2024 മാർച്ച് മാസം വരെ നൽകേണ്ട കുടിശ്ശിക തുകയായ 19,80,86,400 രൂപയും ബാക്കിയുള്ള 1853 ഗുണഭോക്താക്കൾക്ക് 2022 ഒക്ടോബർ മാസം മുതൽ 2024 മാർച്ച് മാസം വരെ നൽകേണ്ട കുടിശ്ശിക തുകയായ 2,00,12,400 രൂപയും ലൈഫ് സർട്ടിഫിക്കറ്റ് ലഭിച്ച 7080 ഗുണഭോക്താൾക്ക് 2021 ആഗസ്റ്റ് മാസം മുതൽ 2024 മാർച്ച് മാസം വരെ നൽകേണ്ട കുടിശ്ശിക തുകയായ 13,59,36,000 രൂപയും ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന 26309 ഗുണഭോക്താൾക്ക് 2024-25 വർഷം ധനസഹായം നൽകാൻ ആവശ്യമായ തുകയായ 18,94,24,800 രൂപയും പുതുതായി ലഭിച്ച 58500 അപേക്ഷകർക്ക് 2024-25 വർഷം ധനസഹായം നൽകാൻ ആവശ്യമായ തുകയായ 42,12,00,000 രൂപയും ഉൾപ്പെടെ ആകെ, 96.46596 കോടി രൂപ ആവശ്യമുള്ളതായി സമിതി മനസിലാക്കുന്നു. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 46.46596 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആശ്വാസകിരണം പദ്ധതിയുടെ നടത്തിപ്പിനായി 2024-25 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള 5,00,00,000 രൂപക്ക് 22-6-2024-ലെ സ.ഉ.(സാധാ)നം.131/2024/സാനീവ പ്രകാരം ഭരണാനുമതി നൽകിയിരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതി പുനക്രമീകരണത്തിന്റെ ഭാഗമായി പദ്ധതി വിഹിതം വെട്ടിക്കുറച്ചതിനാൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള 46.46596 കോടി രൂപ അധികമായി അനുവദിക്കാൻ സാധിച്ചില്ല. നിലവിൽ ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെടുന്നവർക്ക് ആഗസ്റ്റ് മാസം വരെയുള്ള തുക അനുവദിച്ചിട്ടുണ്ട്. 2018-നു ശേഷമുള്ള അപേക്ഷകൾ പരിഗണിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

[സാമൂഹ്യനീതി(സി) വകുപ്പിന്റെ 27-9-2025-ലെ സാനീവ-സി2/180/2024-സാനീവ നമ്പർ കത്ത്]

ഖണ്ഡിക നം - 50

2235-02-001-90—വനിത ശിശുവികസന ഡയറക്ടറാഫീസ്

ഡയറക്ടറേറ്റിലേയും ജില്ലാ ഓഫീസുകളിലെയും ജീവനക്കാരുടെ യാത്രാബത്ത, മറ്റ് ഓഫീസ് ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിന് ഈ ശീർഷകത്തിൽ ടൂർ ടി.എ. ഇനത്തിൽ 8 ലക്ഷം രൂപയും ട്രാൻസ്ഫർ ടി.എ. ഇനത്തിൽ 2 ലക്ഷം രൂപയും വാട്ടർ ചാർജ്ജ് ഇനത്തിൽ 1,20,000 രൂപയും വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2.5 ലക്ഷം രൂപയും ടെലിഫോൺ ചാർജ്ജ് ഇനത്തിൽ 1 ലക്ഷം രൂപയും ഓഫീസ് ചെലവ് ഇനത്തിൽ 3 ലക്ഷം രൂപയും ഇന്ധന ചെലവ് ഇനത്തിൽ 1.85 ലക്ഷം രൂപയും വാഹന വാടക ഇനത്തിൽ 6.2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 25.75 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ നിന്നും ചുവടെ പറയുന്ന ഉത്തരവുകൾ പ്രകാരം ആകെ 22,29,000 രൂപ ലഭ്യമാക്കിയിട്ടുണ്ട്.

| **ശീർഷകം** | **G.O** | | **അനുവദിച്ച തുക** |
|---|---|---|---|
| 01-4 Medical Reimbursement | G.O.(Rt) No.225/2025/Fin dtd.9-1-2025 | Reappropriation | 13,000 |
| | G.O.(Rt) No.2927/2025/Fin dtd.24-3-2025 | Reappropriation | 70,000 |
| 04-1 Tour TA | G.O.(Rt) No.224/2025/Fin dtd.9-1-2025 | Reappropriation | 70,000 |
| | G.O.(Rt) No.3029/2025/Fin dtd.25-3-2025 | Reappropriation | 3,04,000 |

| | | | |
|---|---|---|---|
| 05-1 Water charge | G.O.(Rt) No.6299/2024/Fin dtd.16-8-2024 | Reappropriation | 1,67,000 |
| 05-2 Electricity Charge | G.O.(Rt) No.6860/2024/Fin dtd.9-9-2024 | Additional Authorisation | 9,42,000 |
| 05-3 Telephone Charge | G.O.(Rt) No.866/2025/Fin dtd.29-1-2025 | Reappropriation | 90,000 |
| 21-02 Repair & Maintenance | G.O.(Rt) No.2930/2025/Fin dtd.24-3-2025 | Reappropriation | 6,000 |
| 45-P.O.L | G.O.(Rt) No.6642/2024/Fin dtd.31-8-2024 | Additional Authorisation | 1,00,000 |
| | G.O.(Rt) No.8753/2024/Fin dtd.26.11.2024 | Reappropriation | 90,000 |
| 97-Hire Charges of Motor Vehicle | G.O.(Rt) No.4580/2024/Fin dtd.12-6-2024 | Additional Authorisation | 77,000 |
| | G.O.(Rt) No.5690/2024/Fin dtd.22-7-2024 | Additional Authorisation | 3,00,000 |
| **TOTAL** | | | **22,29,000** |

ഈ ശീർഷകത്തിൽ 31-3-2025 വരെ ചെലവഴിക്കപ്പെട്ട ആകെ തുക **18,32,82,058** രൂപ.

[വനിത ശിശു വികസന (എ) വകുപ്പിന്റെ 9-6-2025-ലെ വ.ശി.വി.വ-എ 3/82/2024-വ.ശി.വി.വ. നമ്പർ കത്ത്]

<u>ഖണ്ഡിക നം - 51</u>

2235-02-102-36-01— <u>കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്തം (ഒ.ആർ.സി.)</u>

കുട്ടികളുടെ സംരക്ഷണത്തിനും വികസനത്തിനും ഉത്തരവാദിത്തപ്പെട്ട വിവിധ സർക്കാർ/സർക്കാരിതര ഏജൻസികൾ സിവിൽ സമൂഹം-എന്നിവരുടെ സ്കൂൾ അധിഷ്ഠിതമായ ഒരു കൂട്ടായ്മയുടെ ശ്രമമായ പദ്ധതിയാണ് ഒ.ആർ.സി. നടപ്പ് സാമ്പത്തിക വർഷം നിലവിലുള്ള പ്രവർത്തനങ്ങൾക്ക് പുറമേ പ്രസ്തുത പദ്ധതി എൽ. പി. സ്കൂളുകളിൽ വ്യാപിപ്പിക്കുന്നതിനും സൈക്കോ സോഷ്യൽ കൗൺസിലേഴ്സ് ഉള്ള സ്കൂളുകളിൽ പദ്ധതി കൂടുതൽ വിപുലമാക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതിനാൽ നിലവിലുള്ള ബഡ്ജറ്റ് തുക അപര്യാപ്തമാണെന്ന് കാണുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

10-1-2025-ലെ സ.ഉ.(സാധാ)നം.15/2025/WCDD പദ്ധതി മുൻഗണനാ ക്രമീകരണ ഉത്തരവ് പ്രകാരം, 2235-02-102-36-01(P)ശീർഷകത്തിൽ നിന്നും 2.68 കോടി രൂപ മാത്രം വിനിയോഗിക്കുന്നതിനാണ് അനുമതി ലഭ്യമായിരുന്നത്. ഈ സാഹചര്യം നിലനിന്നിരുന്നതിനാൽ ശിപാർശ പ്രകാരമുള്ള 1 കോടി രൂപ ലഭ്യമാക്കിയിരുന്നില്ല.

ഈ ശീർഷകത്തിൽ 31-3-2025 വരെ ചെലവഴിക്കപ്പെട്ട ആകെ തുക 2,28,24,274 രൂപ

(വനിത ശിശുവികസന (സി) വകുപ്പിന്റെ 29-7-2025-ലെ WCD-C3/204/2024-WCD നമ്പർ കത്ത്)

<u>ഖണ്ഡിക നം - 52</u>

2235-02-102-36-02—<u>കാവൽ, കരുതൽ, ശരണബാല്യം, ഭദ്രം, മാർഗ്ഗജ്യോതി</u>

കാവൽ, കാവൽ പ്ലസ്സ്, പാരെന്റിംഗ് ക്ലിനിക്, സ്പോൺസർഷിപ്പ് മുതലായ പദ്ധതികളുടെ നിർവ്വഹണം കൂടാതെ ബഹു.ഹൈക്കോടതിയുടെ ശിപാർശ പ്രകാരം ജുവനൈൽ ജസ്റ്റീസ് സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് നിലവിൽ

അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

10-1-2025-ലെ സ.ഉ.(സാധാ) 15/2025/WCDD പദ്ധതി മുൻഗണനാ പുന:ക്രമീകരണ ഉത്തരവ് പ്രകാരം, 2235-02-102-36-02(P)ൽ നിന്നും 7.40 കോടി രൂപ മാത്രം വിനിയോഗിക്കുന്നതിനാണ് അനുമതി ലഭ്യമായിരുന്നത്. ഈ സാഹചര്യം നിലനിന്നിരുന്നതിനാൽ ശിപാർശ പ്രകാരമുള്ള 1 കോടി രൂപ അധികമായി ലഭ്യമാക്കിയിരുന്നില്ല.

ഈ ശീർഷകത്തിൽ 31-3-2025-വരെ ചെലവഴിക്കപ്പെട്ട ആകെ തുക 6,96,91,824 രൂപ

[വനിത ശിശുവികസന (സി) വകുപ്പിന്റെ 29-7-2025-ലെ WCD-C3/204/2024-WCD നമ്പർ കത്ത്]

<u>ഖണ്ഡിക നം - 53</u>

2235-02-103-99—<u>സാമൂഹ്യക്ഷേമ ബോർഡ്- അംശദാനം</u>

2024-25 സാമ്പത്തിക വർഷത്തേക്ക് സാമൂഹ്യക്ഷേമ ബോർഡിന്റെ ഫിനാൻസ് കമ്മിറ്റി അംഗീകരിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാന വിഹിതമായി 1,30,72,856 രൂപ ആവശ്യമായി വരുന്നു. ഇതിനുപുറമേ 2018-19 വർഷത്തെ ബോർഡിന്റെ ഭരണചെലവുകൾക്കായി കേന്ദ്രബോർഡ് അംഗീകരിച്ച ബഡ്ജറ്റ് പ്രകാരമുള്ള 59,52,225 രൂപയും 2022-23 വർഷത്തെ കേന്ദ്രബോർഡ് അംഗീകരിച്ച റിവൈസ്ഡ് ബഡ്ജറ്റ് പ്രകാരമുള്ള 67,87,475 രൂപയും കുടിശ്ശിക ഇനത്തിൽ സർക്കാരിൽ നിന്നും ലഭിക്കേണ്ടതുണ്ട്. അതിനാൽ ഈ ശീർഷകത്തിൽ 1.8193 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേന്ദ്ര സമൂഹ്യക്ഷേമ ബോർഡ് നിർത്തലാക്കിയതിനെത്തുടർന്ന് സംസ്ഥാന സാമൂഹ്യക്ഷേമ ബേർഡും നിർത്തലാക്കുന്നതിനുള്ള കേന്ദ്രനിർദ്ദേശത്തെത്തുടർന്ന്, സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിലെ നിലവിലുള്ള ഉദ്യോഗസ്ഥരെ പുനർവിന്യസിപ്പിച്ച് ബോർഡിന്റെ പ്രർത്തനം അവസാനിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ അധിക നോൺ പ്ലാൻ വിഹിതം അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

[വനിത ശിശുവികസന (സി) വകുപ്പിന്റെ 29-7-2025-ലെ WCD-C3/204/2024-WCD നമ്പർ കത്ത്]

ഖണ്ഡിക നം - 54

2235-02-103-90-02 —സ്ത്രീ ശാക്തികരണത്തിനുള്ള സുപ്രധാന പരിപാടി - കേരള വനിതാ വികസന കോർപ്പറേഷൻ

ഫ്യൂച്ചർ വിമൻ ലീഡേഴ്സ് ഗ്രൂമിംഗ് പ്രോഗ്രാം, ബോധ്യം പദ്ധതി എന്നിവ നടപ്പിലാക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 55 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

KSWDC/P3/Subject Committee/2024-25/5173 കത്ത് പ്രകാരം അധികമായി സമിതി ശിപാർശ ചെയ്ത തുകയ്ക്കുള്ള പ്രൊപ്പോസലുകൾ വനിത വികസന കോർപ്പറേഷൻ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു.

എന്നാൽ പദ്ധതി പുനഃക്രമീകരണം സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ G.O. (P)No.76/2024/Fin dated 31-8-2024 പ്രകാരം 2024-2025 സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം - 50% ആയി പരിമിതപ്പെടുത്താൻ തീരുമാനിച്ച സാഹചര്യത്തിൽ സ്ഥാപന മേധാവികളിൽ നിന്നും റിവൈസ്ഡ് പ്രൊപ്പോസൽസ് ലഭ്യമാക്കി നടപ്പ് സാമ്പത്തിക വർഷം വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ അംഗീകരിച്ചതും വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് ഉപരിയായി ഭരണാനുമതി നൽകി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും ഭേദഗതികൾ വരുത്തി പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് അറിയിച്ചിരുന്നു. ആയതിൽ വനിത വികസന കോർപ്പറേഷനിൽ നിന്നും സമർപ്പിച്ചിരിക്കുന്ന പദ്ധതി വിഹിതം 50% ആയി പരിമിതപ്പെടുത്തി ഉത്തരവാകുന്നതിനായി കോർപ്പറേഷനിൽ നിന്നും പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. തുടർന്ന് സ.ഉ.(സാധാ) നം. 38/2025/ഡബ്ല്യൂസിഡി തീയതി 29-1-2025 പ്രകാരം വനിതാ വികസന കോർപ്പറേഷന് 2235-02-103-90-02 (Gender Awareness), 2235-03-103-89-(Finishing School), 2235-02-190-99 (Ongoing Schemes) എന്നീ ശീർഷകങ്ങളിൽ 2024-25 സാമ്പത്തിക വർഷം ഭരണാനുമതി നൽകി പുറപ്പെടുവിച്ചിട്ടുള്ള പദ്ധതികളുടെ തുക 50% ആയി [2235-02-103-90-02 (Gender Awareness), 2235-03-103-89-(Finishing School), 2235-02-190-99 (Ongoing Schemes) എന്നീ ശീർഷകങ്ങളിൽ യഥാക്രമം 55 ലക്ഷം രൂപ, 100 ലക്ഷം രൂപ, 725 ലക്ഷം രൂപ നിജപ്പെടുത്തി ഉത്തരവായിരുന്നു. തുടർന്ന് സ.ഉ.(സാധാ)നം. 83/2025/ഡബ്ല്യൂസിഡി തീയതി 1-3-2025 പ്രകാരം 2235-03-103-89-(Finishing School) ന് 80 ലക്ഷം രൂപ റിലീസ് ചെയ്യും സ.ഉ. (സാധാ)നം. 84/2025/ഡബ്ല്യൂസിഡി

തീയതി 1-3-2025 പ്രകാരം 2235-02-103-90-02 (Gender Awareness) ന് 22 ലക്ഷം രൂപ റിലീസ് ചെയ്യും സ.ഉ. (സാധാ)നം. 97/2025/ഡബ്ല്യുസിഡി തീയതി. 7-3-2025 പ്രകാരം 2235-02-190-99 (Ongoing Schemes)ന് 7 കോടി 25 ലക്ഷം രൂപ റിലീസ് ചെയ്യും ഉത്തരവായിട്ടുണ്ട്.

[വനിത ശിശു വികസന (ബി) വകുപ്പിന്റെ 15-7-2025- ലെ WCD-B3/247/2024-WCD നമ്പർ കത്ത്]

ഖണ്ഡിക നം - 55

2235-03-103-89—വനിതകൾക്ക് വേണ്ടിയുള്ള ഫിനിഷിംഗ് സ്കൂൾ

ലീഡ് (Lead) പദ്ധതി 2024-25-ൽ നടപ്പിലാക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

KSWDC/P3/Subject Committee/2024-25/5173 കത്ത് പ്രകാരം അധികമായി സമിതി ശിപാർശ ചെയ്ത തുകയ്ക്കുള്ള പ്രൊപ്പോസലുകൾ വനിത വികസന കോർപ്പറേഷനിൽ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു.

എന്നാൽ പദ്ധതി പുനക്രമീകരണം സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ G.O. (P)No.76/2024/Fin dated 31-8-2024 പ്രകാരം 2024-2025 സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം - 50% ആയി പരിമിതപ്പെടുത്താൻ തീരുമാനിച്ച സാഹചര്യത്തിൽ സ്ഥാപന മേധാവികളിൽ നിന്നും റിവൈസ്ഡ് പ്രൊപ്പോസൽസ് ലഭ്യമാക്കി നടപ്പ് സാമ്പത്തിക വർഷം വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ അംഗീകരിച്ചതും വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് ഉപരിയായി ഭരണാനുമതി നൽകി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും ഭേദഗതികൾ വരുത്തി പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് അറിയിച്ചിരുന്നു. ആയതിൽ വനിത വികസന കോർപ്പറേഷനിൽ നിന്നും സമർപ്പിച്ചിരിക്കുന്ന പദ്ധതി വിഹിതം 50% ആയി പരിമിതപ്പെടുത്തി ഉത്തരവാകുന്നതിനായി കോർപ്പറേഷനിൽ നിന്നും പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. തുടർന്ന് സ.ഉ.(സാധാ) നം. 38/2025/ഡബ്ല്യുസിഡി തീയതി 29-1-2025 പ്രകാരം വനിതാ വികസന കോർപ്പറേഷന് 2235-02-103-90-02 (Gender Awareness), 2235-03-103-89-(Finishing School), 2235-02-190-99 (Ongoing Schemes) എന്നീ ശീർഷകങ്ങളിൽ 2024-25 സാമ്പത്തിക വർഷം ഭരണാനുമതി നൽകി പുറപ്പെടുവിച്ചിട്ടുള്ള പദ്ധതികളുടെ തുക 50% ആയി [2235-02-103-90-02 (Gender Awareness), 2235-03-103-89-(Finishing School), 2235-02-190-99 (Ongoing Schemes) എന്നീ ശീർഷകങ്ങളിൽ യഥാക്രമം

55 ലക്ഷം രൂപ, 100 ലക്ഷം രൂപ, 725 ലക്ഷം രൂപ നിജപ്പെടുത്തി ഉത്തരവായിരുന്നു. തുടർന്ന് സ.ഉ. (സാധാ)നം. 83/2025/ഡബ്ല്യുസിഡി തീയതി 1-3-2025 പ്രകാരം 2235-03-103-89-(Finishing School) ന് 80 ലക്ഷം രൂപ റിലീസ് ചെയ്യും സ.ഉ. (സാധാ)നം. 84/2025/ഡബ്ല്യുസിഡി തീയതി 1-3-2025 പ്രകാരം 2235-02-103-90-02 (Gender Awareness) ന് 22 ലക്ഷം രൂപ റിലീസ് ചെയ്യും സ.ഉ. (സാധാ)നം. 97/2025/ഡബ്ല്യുസിഡി തീയതി. 7-3-2025 പ്രകാരം 2235-02-190-99 (Ongoing Schemes)ന് 7 കോടി 25 ലക്ഷം രൂപ റിലീസ് ചെയ്യും ഉത്തരവായിട്ടുണ്ട്.

[വനിത ശിശു വികസന (ബി) വകുപ്പിന്റെ 15-7-2025- ലെ WCD-B3/247/2024-WCD നമ്പർ കത്ത്]

ഖണ്ഡിക നം - 56

2235-02-103-77—വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള ധനസഹായം

വിധവകളായ സ്ത്രീകളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്കും ബിരുദാനന്തരമുള്ള ഉന്നത വിദ്യാഭ്യാസ ധനസഹായത്തിനുമായുള്ള പ്രസ്തുത പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ ധനസഹായം നൽകുന്നതിന് ബാക്കിയുള്ള 323 അപേക്ഷകർക്കായി 3,59,95,544 രൂപയും 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള 3 കോടി രൂപയും 2024-25 സാമ്പത്തിക വർഷം 4 കോടി രൂപയും ഉൾപ്പെടെ 10,59,95,544 രൂപ ആവശ്യമായി വരുമെന്ന് സമിതി മനസിലാക്കുന്നു. അതിനാൽ പ്രസ്തുത ശീർഷകത്തിൽ 10.1156 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പടവുകൾ പദ്ധതിക്കായി G.O.(Rt) No.3155/2025/Fin.dtd.26-3-2025 പ്രകാരം Reappropriation മുഖേന 6,03,19,000 രൂപ ലഭ്യമായിരുന്നുവെങ്കിലും 19-3-2025-ലെ 22/2025/Fin നമ്പർ പരിപത്ര പ്രകാരമുള്ള ട്രഷറി നിയന്ത്രണം കാരണം, ഈ തുക ഗുണഭോക്താക്കൾക്ക് അനുവദിക്കാൻ കഴിഞ്ഞില്ല.

ഈ ശീർഷകത്തിൽ 31-3-2025 വരെ ചെലവഴിക്കപ്പെട്ട ആകെ തുക 48,27,278 രൂപ.

[വനിത ശിശു വികസന (എ) വകുപ്പിന്റെ 9-6-2025-ലെ വ.ശി.വി.വ-എ 3/82/2024-വ.ശി.വി.വ. നമ്പർ കത്ത്]

ഖണ്ഡിക നം - 57

2235-02-103-68—വനിത വികസന പദ്ധതികൾ

(1) 2235-02-103-68-01 -നിർഭയ പദ്ധതികൾ - 10 കോടി രൂപ (പ്ലാൻ)

(2) 2235-02-103-68-02 - 92 ലക്ഷം രൂപ (പ്ലാൻ)

(3) 2235-02-103-68-03 - 10 കോടി രൂപ (പ്ലാൻ)

നിലവിലുള്ള 23 നിർഭയ ഹോമുകൾക്ക് പുറമേ 2023-24 സാമ്പത്തിക വർഷം ആരംഭിക്കുന്ന തൃശ്ശൂർ സ്പെഷ്യൽ നീഡ് ഹോമിന്റെ പ്രവർത്തന ചെലവ്, കണ്ടിജൻസി ചെലവുകൾ, ഹോമിലെ താമസക്കാർക്ക് ആഫ്റ്റർ കെയർ പ്രോഗ്രാമുകൾ, ഐ.ഇ.സി പ്രോഗ്രാമുകൾ, ധീര പദ്ധതി നടപ്പിലാക്കൽ, സമ്മർ ക്യാമ്പ്, ഹോം സ്റ്റാഫ് ട്രെയിനിംഗ്, കാവൽ പ്ലസ്സ്, പ്രിലിമിനറി അസസ്സ്മെന്റ്, OSC സ്റ്റാഫ് ട്രെയിനിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾക്കായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2225-02-103-68-01(P) എന്ന ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

10-1-2025- ലെ സ.ഉ.(സാധാ)നം. 15/2025/WCDD പദ്ധതി മുൻഗണനാ പുനഃക്രമീകരണ ഉത്തരവ് പ്രകാരം, 2235-02-103-68-01(P)ൽ നിന്നും 9.02 കോടി രൂപ മാത്രം വിനിയോഗിക്കുന്നതിനാണ് അനുമതി ലഭ്യമാക്കിയിരുന്നത്. ഈ സാഹചര്യം നിലനിന്നിരുന്നതിനാൽ ശിപാർശ പ്രകാരമുള്ള 3 കോടി രൂപ അനുവദിച്ചിരുന്നില്ല. ഈ ശീർഷകത്തിൽ 31-3-2025 വരെ ചെലവഴിക്കപ്പെട്ട ആകെ തുക - 8,30,10,443.

[വനിത ശിശു വികസന (ബി) വകുപ്പിന്റെ 15-7-2025- ലെ WCD-B3/247/2024-WCD നമ്പർ കത്ത്]

ഖണ്ഡിക നം - 58

2235-02-103-57—ആക്രമണങ്ങളിൽ നിന്ന് രക്ഷപ്പെട്ടവർക്കുള്ള ആശ്വാസ നിധി

ലൈംഗിക കുറ്റ കൃത്യങ്ങൾ, ആസിഡ് ആക്രമണങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള അക്രമം, ഗാർഹിക ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ എന്നിവയ്ക്ക് ഇരയായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ആശ്വാസം നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇത്തരത്തിൽ പീഡിപ്പിക്കപ്പെട്ടവർക്ക് പെട്ടെന്നുതന്നെ സഹായം നൽകേണ്ടത് അത്യാവശ്യമാണെന്ന് സമിതി

കരുതുന്നു. അതിനായി ബഡ്ജറ്റിൽ  വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

10-1-2025-ലെ സ.ഉ.(സാധാ)നം. 15/2025/WCDD പദ്ധതി മുൻഗണനാ പുനഃക്രമീകരണ ഉത്തരവ് പ്രകാരം, 2235-02-103-57(P)ൽ നിന്നും 1.5 കോടി രൂപ മാത്രം വിനിയോഗിക്കുന്നതിനാണ് അനുമതി ലഭ്യമാക്കിയിരുന്നത്. ഈ സാഹചര്യം നിലനിന്നിരുന്നതിനാൽ ശിപാർശ പ്രകാരമുള്ള 1 കോടി രൂപ അനുവദിച്ചിരുന്നില്ല. ഈ ശീർഷകത്തിൽ 31-3-2025 വരെ ചെലവഴിക്കപ്പെട്ട ആകെ തുക 1,50,00,000

[വനിത ശിശു വികസന (ബി) വകുപ്പിന്റെ 15-7-2025- ലെ WCD-B3/247/2024-WCD നമ്പർ കത്ത്]

<u>ഖണ്ഡിക നം - 59</u>

2235-02-103-52—<u>ശ്രീമതി ദാക്ഷായണി വേലായുധൻ അവാർഡ്</u>

ദാക്ഷായണി വേലായുധൻ അവാർഡ് നൽകുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ 1000 രൂപ അനുവദിച്ചിട്ടുണ്ട്. അവാർഡ് തുകയ്ക്കായി 1,00,000 രൂപയും പ്രശസ്തി പത്രം, ശിൽപ്പം എന്നിവയ്ക്കായി 10,000 രൂപയും ഉൾപ്പെടെ 1,10,000 രൂപ ആവശ്യമായിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 1.09 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ദാക്ഷായണി വേലായുധൻ അവാർഡ് നല്കുന്നതിന് വനിത ശിശു വികസന ഡയറക്ടറുടെ DWCD/6152/2024-A3 dtd. 17-11-2024 നം. പ്രകാരം 1,19,000 രൂപയുടെ റീ അപ്രോപ്രിയേഷൻ പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ദാക്ഷായണി വേലായുധൻ സംസ്ഥാനതല അവാർഡ് നിർണ്ണയ സമിതി പുനഃസംഘടിപ്പിക്കുന്നതിന് സർക്കാരിലേക്ക് സമർപ്പിച്ചിരുന്ന ശിപാർശ അംഗീകരിക്കാത്ത സാഹചര്യത്തിൽ 2024-25 സാമ്പത്തിക വർഷം നൽകിയ റീ അപ്രോപ്രിയേഷൻ പ്രൊപ്പോസൽ പരിഗണിച്ചില്ല.

ഈ ശീർഷകത്തിൽ 31-3-2025 വരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

[വനിത ശിശു വികസന (ബി) വകുപ്പിന്റെ 15-7-2025-ലെ WCD-B3/247/2024-WCD നമ്പർ കത്ത്]

ഖണ്ഡിക നം - 60

2235-02-104-99— ശ്രീ ചിത്രാ ഹോം - സഹായധനം

ശ്രീചിത്രാഹോമിന് വേണ്ടി ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ടി ശീർഷകത്തിലെ 31- സഹായധനം-ശമ്പളം ഇനത്തിൽ 2023-2024 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ ആവശ്യമായ 24.88 ലക്ഷം രൂപയും 2024-25 സാമ്പത്തിക വർഷത്തിലേക്ക് അധികമായി ആവശ്യമായിവരുന്ന 44.67 ലക്ഷം രൂപയും 35-മൂലധനത്തിനുള്ള സഹായധനം എന്ന ഇനത്തിൽ ശ്രീ ചിത്രാ ഹോമിലെ 200 പെൺകുട്ടികളും 50 ആൺ കുട്ടികളും താമസിക്കുന്ന കോമ്പൗണ്ടിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തി പുതിയ ഹോസ്റ്റലിന്റെ നിർമ്മാണം, പ്രിന്റിംഗ്, ബയന്റിംഗ് വൊക്കേഷണൽ യൂണിറ്റ്, ഓഫീസ് ബഹുനിലകെട്ടിട നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, രോഗി സൗഹൃദ ഷോർട്ട് സ്റ്റേ കെട്ടിട നിർമ്മാണം, മാതൃശിശു പുനരധിവാസ ഷോർട്ട് സ്റ്റേ, മുതിർന്ന പെൺകുട്ടികൾക്കുള്ള ആഫ്റ്റർ കെയർ ഹോം, അപ്പാരൽ തൊഴിൽ യൂണിറ്റ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 60 കോടി രൂപയും 36-സഹായധനം-ശമ്പളേതരം ഇനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്ന തുകയിൽ ലഭ്യമാകാതെ നിൽക്കുന്ന ഇരുപത് ലക്ഷം രൂപയും 250 കുട്ടികൾക്ക് പ്രതിമാസം 2000 രൂപ നിരക്കിൽ വിദ്യാഭ്യാസ സംരക്ഷണ ചെലവുകൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിന് 2024-25 സാമ്പത്തിക വർഷത്തിൽ ശമ്പളേതര ചെലവുകൾക്കായി അധികം ആവശ്യമായ 60 ലക്ഷം രൂപയും ഉൾപ്പെടെ പ്രസ്തുത ശീർഷകത്തിൽ 61.4955 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ശ്രീചിത്രഹോമിന് 2023-24 സാമ്പത്തിക വർഷം ഗ്രാന്റ് ഇനത്തിൽ വകയിരുത്തിയിരുന്ന 74,88,000 രൂപയിൽ ബാക്കി ലഭിക്കാനുണ്ടായിരുന്ന 26,38,000 രൂപയും 2024-25 സാമ്പത്തിക വർഷം ഗ്രാന്റ് ഇനത്തിൽ വകയിരുത്തിയിരുന്ന 75,34,000 രൂപയിൽ ബാക്കി ലഭിക്കാനുണ്ടായിരുന്ന 35,34,000 രൂപയും അനുവദിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ പരിഗണിച്ചതിൽ 2024-25 സാമ്പത്തിക വർഷം 2235-02-104-99-31(NP) grant-in-aid-salary ശീർഷകത്തിൽ 21 ലക്ഷം രൂപയും 2235-02-104-99-36(NP) grant-in-aid-non salary ശീർഷകത്തിൽ 14 ലക്ഷം രൂപയും അനുവദിക്കുകയും പ്രസ്തുത ശീർഷകങ്ങളുടെ സീലിംഗ് ലിമിറ്റ് യഥാക്രമം 99.27%, 100% നിശ്ചയിച്ചത് പ്രകാരം ആകെ 34,84,670 രൂപ അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ ഗ്രാന്റ് ഇനത്തിൽ ആകെ 74,84,670 രൂപ (എഴുപത്തിനാല് ലക്ഷത്തി എൺപത്തിനാലായിരത്തി അറുന്നൂറ്റി എഴുപത്) രൂപ അനുവദിച്ചിട്ടുണ്ട്. ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച തീരുമാനം ആകാത്തതിനാൽ, 31-സഹായധനം ശമ്പളം ഇനത്തിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യപ്പെട്ടിട്ടില്ല.

35-മൂലധനത്തിനുള്ള സഹായധനം എന്ന ഇനത്തിൽ ശ്രീചിത്രാഹോമിന്റെ ചുറ്റുമതിൽ പുനർനിർമ്മാണം സംബന്ധിച്ച് PWD-യിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കി പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 27-3-2025 സ.ഉ(സാധാ) 137/2025/WCD പ്രകാരം ചുറ്റുമതിൽ പുനർനിർമ്മാണത്തിനായി 40 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ചുറ്റുമതിൽ പുനർനിർമ്മാണത്തിനായി അധിക തുക ശീർഷകത്തിൽ വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

ഹോമിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും താമസിക്കുന്നതിനായി ബഹുനില കെട്ടിട നിർമ്മാണം സംബന്ധിച്ച് വിശദമായ എസ്റ്റിമേറ്റ് PWD-ൽ നിന്നും ലഭ്യമാകാത്തതിനാൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

ഹോമിലെ 250 കുട്ടികൾക്ക് 2000 രൂപ വീതം പ്രതിമാസം വിദ്യാഭ്യാസ സംരക്ഷണ ചെലവുകൾക്കായി അനുവദിക്കുന്നതിനുള്ള ശിപാർശ സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ് എന്ന് ശ്രീചിത്രഹോം സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്.

[വനിത ശിശുവികസന (സി) വകുപ്പിന്റെ 29-7-2025-ലെ WCD-C3/204/2024-WCD നമ്പർ കത്ത്]

<u>ഖണ്ഡിക നം - 61</u>

2235-02-190-99 —<u>കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ</u>

സംസ്ഥാനത്തെ വനിത സംരംഭകർക്കായും ഇന്നോവേറ്റേഴ്സിനായും, എക്സ്പോ സംഘടിപ്പിക്കുന്നതിനും വായ്പാ വിതരണത്തിനും 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.65 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

KSWDC/P3/Subject Committee/2024-25/5173 കത്ത് പ്രകാരം അധികമായി സമിതി ശിപാർശ ചെയ്ത തുകയ്ക്കുള്ള പ്രൊപ്പോസലുകൾ വനിതാ വികസന കോർപ്പറേഷൻ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. എന്നാൽ പദ്ധതി പുനക്രമീകരണം സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ G.O. (P)No.76/2024/Fin dated 31-8-2024 പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം - 50% ആയി പരിമിതപ്പെടുത്താൻ തീരുമാനിച്ച സാഹചര്യത്തിൽ സ്ഥാപന മേധാവികളിൽ നിന്നും റിവൈസ്ഡ് പ്രൊപ്പോസൽസ് ലഭ്യമാക്കി നടപ്പ് സാമ്പത്തിക വർഷം വർക്കിംഗ്

ഗ്രൂപ്പ് യോഗത്തിൽ അംഗീകരിച്ചതും വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് ഉപരിയായി ഭരണാനുമതി നൽകി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും ഭേദഗതികൾ വരുത്തി പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് അറിയിച്ചിരുന്നു. ആയതിൽ വനിത വികസന കോർപ്പറേഷനിൽ നിന്നും സമർപ്പിച്ചിരിക്കുന്ന പദ്ധതി വിഹിതം 50% ആയി പരിമിതപ്പെടുത്തി ഉത്തരവാകുന്നതിനായി കോർപ്പറേഷനിൽ നിന്നും പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. തുടർന്ന് സ.ഉ.(സാധാ) നം. 38/2025/ഡബ്ല്യൂസിഡി തീയതി 29-1-2025 പ്രകാരം വനിതാ വികസന കോർപ്പറേഷന് 2235-02-103-90-02 (Gender Awareness), 2235-03-103-89-(Finishing School), 2235-02-190-99 (Ongoing Schemes) എന്നീ ശീർഷകങ്ങളിൽ 2024-25 സാമ്പത്തിക വർഷം ഭരണാനുമതി നൽകി പുറപ്പെടുവിച്ചിട്ടുള്ള പദ്ധതികളുടെ തുക 50% ആയി [2235-02-103-90-02 (Gender Awareness), 2235-03-103-89-(Finishing School),2235-02-190-99 (Ongoing Schemes) എന്നീ ശീർഷകങ്ങളിൽ യഥാക്രമം 55 ലക്ഷം രൂപ, 100 ലക്ഷം രൂപ, 725 ലക്ഷം രൂപ നിജപ്പെടുത്തി ഉത്തരവായിരുന്നു. തുടർന്ന് സ.ഉ.(സാധാ)നം. 83/2025/ഡബ്ല്യൂസിഡി തീയതി 1-3-2025 പ്രകാരം 2235-03-103-89-(Finishing School) ന് 80 ലക്ഷം രൂപ റിലീസ് ചെയ്യും സ.ഉ. (സാധാ)നം. 84/2025/ഡബ്ല്യൂസിഡി തീയതി 1-3-2025 പ്രകാരം 2235-02-103-90-02 (Gender Awareness) ന് 22 ലക്ഷം രൂപ റിലീസ് ചെയ്യും സ.ഉ. (സാധാ)നം. 97/2025/ഡബ്ല്യൂസിഡി തീയതി. 7-3-2025 പ്രകാരം 2235-02-190-99 (Ongoing Schemes)ന് 7 കോടി 25 ലക്ഷം രൂപ റിലീസ് ചെയ്യും ഉത്തരവായിട്ടുണ്ട്.

[വനിത ശിശു വികസന (ബി) വകുപ്പിന്റെ 15-7-2025- ലെ WCD-B3/247/2024-WCD നമ്പർ കത്ത്]

<u>ഖണ്ഡിക നം - 62</u>

2235-60-200-72-11 —<u>കേരള സാമൂഹ്യ സുരക്ഷാ മിഷൻ -സ്നേഹപൂർവ്വം</u>

മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കും, മാതാപിതാക്കൾ ജീവിച്ചിരിപ്പുള്ള എച്ച്.ഐ.വി/എയ്ഡ്സ് ബാധിതരായ കുട്ടികൾക്കും വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പ്രസ്തുത പദ്ധതിയിൽ 2022-23 വർഷത്തെ കുടിശ്ശികയിനത്തിൽ 13 കോടി രൂപയും 2023-24 വർഷത്തെ ചെലവുകൾക്കായി 30 കോടി രൂപയും ചേർത്ത് ആകെ 43 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസിലാക്കുന്നു. 2024-25 സാമ്പത്തിക വർഷം വകയിരുത്തിയ 17.39 കോടി രൂപ പദ്ധതി നടത്തിപ്പിന് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25.61 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2024-25 സാമ്പത്തിക വർഷം സ്നേഹപൂർവ്വം പദ്ധതിയ്ക്കായി 17.39 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നത്. പദ്ധതി പുനക്രമീകരണത്തിന്റെ ഭാഗമായി സ്നേഹപൂർവം പദ്ധതിയുടെ നടത്തിപ്പിനായി 13,91,00,000 (പതിമ്മൂന്ന് കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷം രൂപ മാത്രം) രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നല്കിക്കൊണ്ട് 14-2-2025-ലെ സ.ഉ. (സാധാ)നം.41/2025/സാനീവ പ്രകാരം ഉത്തരവായിരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ സമിതി ശിപാർശ ചെയ്ത പ്രകാരം സ്നേഹപൂർവം പദ്ധതിയ്ക്കായി 25.61 കോടി രൂപ അധികമായി ധന പുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്താൻ സാധിച്ചില്ല. ഈ സാമ്പത്തിക വർഷം സ്നേഹപൂർവ്വം പദ്ധതിക്കായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

[സാമൂഹ്യനീതി(സി) വകുപ്പിന്റെ 27-9-2025-ലെ സാനീവ-സി2/180/2024-സാനീവ നമ്പർ കത്ത്]

<u>ഖണ്ഡിക നം - 63</u>

4235-02-102-84—<u>ഇടുക്കി ജില്ലയിൽ ചിൽഡ്രൻസ് ഹോമിന്റെ നിർമ്മാണം</u>

സംരക്ഷണം ആവശ്യമുള്ള കുട്ടികൾക്കായി ഇടുക്കി ജില്ലയിൽ ചിൽഡ്രൻസ് ഹോം നിർമ്മിക്കുന്നതിനായി 5,45,50,000 രൂപയുടെ എസ്റ്റിമേറ്റാണ് പി.ഡബ്ല്യൂ.ഡി. തയ്യാറാക്കിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.445 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരള നിയമസഭ വിഷയനിർണ്ണയ സമിതി 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 63 ലെ ശിപാർശ പ്രകാരം 5,44,50,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭ്യമാക്കുന്നതിനും ഭരണാനുമതിയ്ക്കുമായി പ്രൊപ്പോസൽ പരിഗണിച്ചതിൽ മിഷൻ വാത്സല്യ 2024-25 പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇതിനുമുൻപ് 18-6-2024-ൽ മിഷൻ വാത്സല്യയുമായി ബന്ധപ്പെട്ട പദ്ധതികളുടെ പ്രൊപ്പോസൽ പ്രോജക്ട് അപ്രൂവൽ ബോർഡിന് സമർപ്പിക്കുകയും 5-7-2024-ന് PAB മീറ്റിംഗ് നടക്കുകയും ചെയ്ത സാഹചര്യത്തിൽ ഇടുക്കി ചിൽഡ്രൻസ് ഹോം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ സാധിച്ചിരുന്നില്ല എന്ന് ഡയറക്ടർ

അറിയിച്ചിരുന്നു. 2024-25-ലെ പദ്ധതി വിഹിതം 50% ആയി ക്രമീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിലും വിഭവ സമാഹരണത്തിന് പ്രതിസന്ധി നേരിടുന്ന നിലവിലെ സാമ്പത്തിക സ്ഥിതിയിലും അധിക ധനാനുമതി അനുവദിക്കുവാൻ കഴിയില്ലെന്നും പദ്ധതി 2025-26 സാമ്പത്തിക വർഷത്തെ പ്ലാൻ പ്രൊപ്പോസലിൽ മുൻഗണനാ പദ്ധതിയായി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാനും സർക്കാർ തുടർന്ന് നിർദ്ദേശം നൽകിയിരുന്നു. ആയതിൻപ്രകാരം 2025-26 സാമ്പത്തിക വർഷത്തേക്കുള്ള ആന്വൽ പ്ലാനിൽ ഇടുക്കി ചിൽഡ്രൻസ് ഹോം നിർമ്മാണത്തിനായി 5.45 കോടി രൂപ വകയിരുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും നടപ്പ് സാമ്പത്തിക വർഷത്തിൽ 3 കോടി രൂപ മാത്രമാണ് പ്രസ്തുത ആവശ്യത്തിനായി വകയിരുത്തിയിട്ടുള്ളത്. ചിൽഡ്രൻസ് ഹോം നിർമ്മാണത്തിനായി PWD സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 3 കോടി രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത തുകയ്ക്കുള്ളിൽ ചെയ്യാൻ കഴിയുന്ന നിർമ്മാണ പ്രവർത്തികൾ ആദ്യഘട്ടത്തിൽ ചെയ്യുന്നതിന് എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കി സമർപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, 2025-26 സാമ്പത്തിക വർഷം മിഷൻ വാത്സല്യ പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി ചിൽഡ്രൻസ് ഹോം നിർമ്മാണത്തിനായി തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പ്രോജക്ട് അപ്രൂവൽ ബോർഡിനെ സമർപ്പിക്കുകയും 15-4-2025-ന് നടന്ന പ്രോജക്ട് അപ്രൂവൽ ബോർഡ് മീറ്റിംഗിൽ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡപ്രകാരം ലഭിക്കുവാൻ അർഹതയുള്ള ഫണ്ട് അനുവദിച്ച് ലഭിക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റ് സഹിതം കേന്ദ്രസർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നു.

[വനിത ശിശുവികസന (സി) വകുപ്പിന്റെ 29-7-2025-ലെ WCD-C3/204/2024-WCD നമ്പർ കത്ത്]

ഖണ്ഡിക നം - 64

2235-02-001-87-31 —മുന്നോക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ - സഹായധനം - ശമ്പളം

കമ്മീഷൻ അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും ശമ്പളം, ഡി.എ., ആർജ്ജിത അവധി, ചെലവ് എന്നിവയ്ക്കായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.1064 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2024-25 സാമ്പത്തിക വർഷം "2235-02-001-87-31 (നോൺ പ്ലാൻ-വോട്ടഡ്)" എന്ന സാലറി ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ 1,93,36,000 രൂപയ്ക്ക് (ഒരു കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി മുപ്പത്തി ആറായിരം രൂപ) പുറമേ 56,00,000 രൂപ (അമ്പത്തി ആറ് ലക്ഷം രൂപ) അഡീഷണൽ ഓതറൈസേഷൻ വഴി 30-12-2024- ലെ സർക്കാർ ഉത്തരവ് (സാധാ) നം.5728/2024/പൊ.ഭ.വ. പ്രകാരം അനുവദിക്കുകയും, അധികമായി അനുവദിച്ച തുക ശമ്പള ഇനത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

[പൊതുഭരണ ഏകോപനം വകുപ്പിന്റെ 2-6-2025 -ലെ സിഡിഎൻ 3/78/2024-GAD നമ്പർ കത്ത്]

<u>ഖണ്ഡിക നം - 65</u>

2235-02-190-97—<u>കേരള സംസ്ഥാന മുന്നോക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം</u>

2019-20 സാമ്പത്തിക വർഷം വിജയകരമായി നടപ്പിലാക്കിയ ഏറെ ജനശ്രദ്ധ പിടിച്ചു പറ്റിയ മംഗല്യ സമുന്നതി പദ്ധതിക്ക് ഈ വർഷം 1269 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം എല്ലാവർക്കും നൽകുവാൻ സാധിക്കാത്ത സാഹചര്യമാണെന്നും പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ 2016-17 സാമ്പത്തിക വർഷം മുതൽ വിജയകരമായി നടപ്പാക്കി വരുന്ന "ഭവനസമുന്നതി" പദ്ധതിയിൽ 4 ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയിലുള്ളവർക്ക് ധനസഹായത്തിനായി അപേക്ഷിക്കാവുന്നതാണ്. ജീർണ്ണിച്ച അഗ്രഹാരങ്ങളുടെ പുനരുദ്ധാരണത്തിന് മാത്രമായി ആദ്യം പരിമിതപ്പെടുത്തിയിരുന്ന ഈ പദ്ധതി ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിൻ പ്രകാരം EWS-ൽ ഉൾപ്പെടുന്ന എല്ലാ വിഭാഗത്തിൽപ്പെട്ട അർഹരായ ഗുണഭോക്താക്കളുടെ വീടുകളുടെയും അഗ്രഹാരങ്ങളുടെയും പുനരുദ്ധാരണത്തിനായി ധനസഹായം നൽകി വരുന്നു. EWS-ലെ എല്ലാ വിഭാഗങ്ങളിൽപ്പെടുന്നവർക്കും ധനസഹായം ലഭ്യമാകത്തക്ക വിധം ക്രമീകരിക്കേണ്ടതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് കാണുന്നു. ഈ വർഷം ഭവന സമുന്നതി പദ്ധതിയ്ക്കായി അനുവദിച്ച തുകയുടെ അപര്യാപ്തതമൂലം 10% പേർക്ക് പോലും നിലവിൽ സാമ്പത്തിക സഹായം അനുവദിക്കുവാൻ കഴിയാത്ത സ്ഥിതിയാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിലുപരി മുൻ സാമ്പത്തിക വർഷത്തെ അലോട്ട്മെന്റായ 3 കോടി രൂപയിൽ നിന്നും 1.5 കോടി രൂപയായി 2024-25-ലെ അലോട്ട്മെന്റിൽ കുറവ് വരുത്തിയിരിക്കുന്നു. വിദ്യാസമുന്നതി മെരിറ്റ് സ്കോളർഷിപ്പ് പദ്ധതിയ്ക്ക് മുൻ സാമ്പത്തിക വർഷത്തെ അലോട്ട്മെന്റായ 17 കോടി രൂപയിൽ നിന്നും 12 കോടി രൂപയായി 2024-25-ലെ അലോട്ട്മെന്റിൽ കുറവ്

വരുത്തിയിരിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മംഗല്യ സമുന്നതി പദ്ധതിയ്ക്ക് 4 കോടി രൂപയും ഭവന സമുന്നതി പദ്ധതിയ്ക്ക് 10.5 കോടി രൂപയും വിദ്യാസമുന്നതി സ്കോളർഷിപ്പ് പദ്ധതിയ്ക്ക് 5 കോടി രൂപയും ഉൾപ്പെടെ ആകെ 19.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2024-25 സാമ്പത്തിക വർഷം മംഗല്യ സമുന്നതി പദ്ധതിയ്ക്കായി 2235-02-190-97-34-OC-P എന്ന ശീർഷകത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും പദ്ധതികൾ പുനഃക്രമീകരിക്കുവാൻ സർക്കാർ നിശ്ചയിച്ച മാർഗ്ഗനിർദ്ദേശ പ്രകാരം പ്രസ്തുത പദ്ധതി വിഹിതം 50 ലക്ഷമാക്കുകയും ടി തുക അനുവദിക്കുകയുമുണ്ടായി. ആയത് പ്രകാരം 71 ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുകയുമുണ്ടായി. ആയതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന അധിക തുക അനുവദിച്ചിരുന്നില്ല.

ഭവന സമുന്നതി പദ്ധതി പ്രകാരം 2024-25 സാമ്പത്തിക വർഷം EWS-ൽ ഉൾപ്പെടുന്ന എല്ലാ വിഭാഗങ്ങളുടേയും ഭവന പുനരുദ്ധാരണത്തിനായി ഭരണാനുമതി ലഭിച്ചതിൻ പ്രകാരം കോർപ്പറേഷൻ അക്കൗണ്ടിൽ ക്രഡിറ്റായ തുകയിൽ നിന്നും ഗുണഭോക്താക്കൾക്ക് 1-ാം ഗഡു ധനസഹായം വിതരണം ചെയ്തു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ പദ്ധതികൾക്കായി തുക ആവശ്യപ്പെടാവുന്ന സാഹചര്യം സംജാതമാകുകയുണ്ടായില്ല.

വിദ്യാസമുന്നതി മെരിറ്റ് സ്കോളർഷിപ്പ് പദ്ധതിയ്ക്ക് 2024-25 സാമ്പത്തിക വർഷം 2235-02-190-97-34-OC-P എന്ന ശീർഷകത്തിൽ 12 കോടി രൂപ വകയിരുത്തിയിരുന്ന വെങ്കിലും പദ്ധതികൾ പുനഃക്രമീകരിക്കുവാൻ സർക്കാർ നിശ്ചയിച്ച മാർഗ്ഗനിർദ്ദേശ പ്രകാരം പ്രസ്തുത പദ്ധതി വിഹിതം 6 കോടിയാക്കുകയുണ്ടായി.

2023-24 സാമ്പത്തിക വർഷത്തിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി e-LAMS-ൽ പോസ്റ്റ് ചെയ്തിരുന്ന 450 ലക്ഷം രൂപ 2024-25 വർഷത്തിൽ റിലീസ് ചെയ്യുകയും പ്രസ്തുത തുക അർഹതപ്പെട്ട കുട്ടികളുടെ പഠനാവശ്യത്തിന് സ്കോളർഷിപ്പായി അനുവദിക്കുകയുമുണ്ടായി. കൂടാതെ 2024-25 വർഷത്തെ കുട്ടികളുടെ പഠനത്തിനായി 150 ലക്ഷം രൂപ അനുവദിക്കുകയും ടി തുക 2024-25 വർഷത്തെ 3056 കുട്ടികളുടെ പഠനത്തിനുള്ള സ്കോളർഷിപ്പായി വിതരണം ചെയ്യുകയുണ്ടായി. ആയതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന അധിക തുക അനുവദിച്ചിരുന്നില്ല.

[പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 9-5-2025-ലെ സി.ഡി.എൻ 4/51/25/ പൊ.ഭ.വ നമ്പർ കത്ത്]

ഖണ്ഡിക നം - 66

2235-02-190-97—കേരള സംസ്ഥാന മുന്നോക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം

മാനേജിംഗ് ഡയറക്ടർ, ചെയർമാൻ അടക്കമുള്ളവരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഈ ശീർഷകത്തിൽ നിന്നാണ് നിലവിൽ വഹിച്ച് വരുന്നത്. നിലവിലെ അലോട്ട്മെന്റ് ഒരു സാമ്പത്തിക വർഷത്തെ ശമ്പള ചെലവുകൾക്ക് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തിക വർഷത്തിൽ ശമ്പളയിനത്തിൽ വകയിരുത്തിയിരുന്ന 47.30 ലക്ഷം രൂപ പൂർണ്ണമായി അനുവദിക്കുകയുണ്ടായി. എന്നാൽ ഈ ഇനത്തിൽ സമിതി ശിപാർശ ചെയ്തിരുന്ന അധിക തുക അനുവദിച്ചിരുന്നില്ല.

[പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 9-5-2025-ലെ സി.ഡി.എൻ 4/51/25/ പൊ.ഭ.വ നമ്പർ കത്ത്]

ഖണ്ഡിക നം - 67

2235-02-106-98 —ദുർഗ്ഗുണ പരിഹാര പാഠശാല

ദുർഗ്ഗുണ പരിഹാര പാഠശാലയിലെ വെള്ളക്കരം, വൈദ്യുതി ചാർജ്ജ് ചെലവുകൾക്കായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2235-02-106-98 ദുർഗുണ പരിഹാര പാഠശാല 05 ഓഫീസ് ചെലവുകൾ 1 വെള്ളക്കരം ശീർഷകത്തിൽ 20-9-2024 തീയതിയിലെ GO(Rt)7040/2024/FIN നമ്പർ ഉത്തരവ് പ്രകാരം ഒരു ലക്ഷം രൂപയും, 22-3-2025 തീയതിയിലെ GO(Rt)2864/2025/FIN നമ്പർ ഉത്തരവ് പ്രകാരം 22,000 രൂപയും, 2235-02-106-98 ദുർഗുണ പരിഹാര പാഠശാല 05 ഓഫീസ് ചെലവുകൾ 2 വൈദ്യുതി ചെലവ് ശീർഷകത്തിൽ 4-12-2024 തീയതിയിലെ GO(Rt)8967/2024/FIN നമ്പർ ഉത്തരവ് പ്രകാരം 75,000 രൂപയും അധികമായി അനുവദിക്കുകയും, പൂർണ്ണമായി വിനിയോഗിക്കുകയും ചെയ്തു.

[ആഭ്യന്തര (ബി) വകുപ്പിന്റെ 16-5-2025- ലെ ബി2/211/2024 ആഭ്യന്തരം നമ്പർ കത്ത്]

ഖണ്ഡിക നം - 68

2235-02-106-92 —തടവുകാരുടെ ക്ഷേമം

'തടവുകാരുടെ ക്ഷേമം' സ്കീമിൽ ഉൾപ്പെടുത്തി വളരെ അത്യാവശ്യമായി സെൻട്രൽ ജയിലുകളിലെയും തുറന്ന ജയിലുകളിലെയും ആശുപത്രി സൗകര്യം വർദ്ധിപ്പിച്ച് ആയത് പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ മാതൃകയിലേക്ക് ഉയർത്തേണ്ടതായിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ സെൻട്രൽ ജയിലുകളിലെയും തുറന്ന ജയിലുകളിലെയും ആശുപത്രി സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ജയിൽ വകുപ്പ് നടപ്പിലാക്കി വരുന്നു. ഘട്ടം ഘട്ടമായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി പുതുതായി പ്രവർത്തനം ആരംഭിച്ച തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന്റെ ആദ്യഘട്ട പ്രവർത്തികൾക്കായി 1.75 കോടി രൂപ 2024-25 സാമ്പത്തിക വർഷം വകയിരുത്തുകയും, പദ്ധതി നടപ്പിലാക്കുന്നതിനായി തുക പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതുമാണ്. മറ്റ് സെൻട്രൽ ജയിലുകളിലെയും തുറന്ന ജയിലുകളിലെയും ആശുപത്രി സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സമീപ വർഷങ്ങളിൽ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

[ആഭ്യന്തര (ബി) വകുപ്പിന്റെ 16-5-2025- ലെ ബി2/211/2024 ആഭ്യന്തരം നമ്പർ കത്ത്]

ഖണ്ഡിക നം - 69

2235-60-200-71—ജവാൻമാർക്ക് വേണ്ടിയുള്ള ക്രിസ്തുമസ്-ന്യൂ ഇയർ ബമ്പർ ലോട്ടറിയുടെ അറ്റാദായം - ഫ്ലാഗ് ഡേ ഫണ്ട് അക്കൗണ്ടിലേക്കുള്ള റിലീസ്

4-1-2013- ൽ നറുക്കെടുപ്പ് നടന്ന ജയ് ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റ് തുക 12 കോടി 97 ലക്ഷം രൂപ ആകുന്നു. ഇതിൽ നിന്നും സൈനിക ക്ഷേമ വകുപ്പിന് നാളിതുവരെ 7.50 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇനിയും ഈ വകയിൽ 5.47 കോടി രൂപ ലഭിക്കുവാനുണ്ട്. ആംഡ് ഫോഴ്സ് ഫ്ലാഗ് ഡേ ഫണ്ടിലേക്ക് ലഭിക്കുന്ന പ്രസ്തുത തുക വിമുക്തഭടന്മാർക്കുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു. ജയ് ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റിൽ നിന്നും തുക ലഭ്യമാകാത്തതിനാൽ നിലവിലുള്ള സ്കീമുകളിൽ നിന്നും വിമുക്തഭടന്മാർക്കും ആശ്രിതർക്കും നൽകി വരുന്ന വിവിധയിനം സാമ്പത്തിക സഹായം വർദ്ധിപ്പിക്കുവാനും പുതിയ സ്കീമുകൾ ഉൾപ്പെടുത്തുവാനും സാധിക്കാത്ത സാഹചര്യം

നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5.47 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

4-1-2013-ൽ നറുക്കെടുപ്പ് നടന്ന ജയ് ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റ് തുക 12 കോടി 97 ലക്ഷം രൂപ ആകുന്നു. ഇതിൽ നിന്നും സൈനിക ക്ഷേമ വകുപ്പിന് വിവിധ ഘട്ടങ്ങളിലായി 7.50 കോടി രൂപ അനുവദിച്ചിരുന്നു. 2024-25 സാമ്പത്തിക വർഷം ഈയിനത്തിൽ വകുപ്പിന് ഒരു കോടി രൂപ കൂടി അനുവദിക്കുകയുണ്ടായി. ജയ് ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റിൽ നിന്നും വകുപ്പിന് ഇതുവരെ ആകെ 8.50 കോടി രൂപ നൽകിയിട്ടുണ്ട്.

[സൈനിക ക്ഷേമ (എ) വകുപ്പിന്റെ 16-5-2025- ലെ SW3/118/2024-SWD നമ്പർ കത്ത് ]

**ഒ. ആർ. കേളു,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2025 ഒക്ടോബർ 7.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.